# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിതുര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ. ടി.വി.എം / GP5/678/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 22/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിതുര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിതുര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിതുര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ. ടി.വി.എം / GP5/678/22 തീയ്യതി: 22/06/2022

## തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-03-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 04-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-02-2022 | 04-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി തനൂജ. എം.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
2. ശ്രീമതി രേഖ. സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
3. ശ്രീമതി ആര്യാകൃഷ്ണൻ. എ.ആർ, ഓഡിറ്റർ
4. ശ്രീ. രഞ്ജിത്. സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ്.എൽ. | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| കൃഷ്ണകുമാരി | | | |
| ഉദ്യോഗസ്ഥ ഭരണ സമിതി | പ്രസിഡന്റ് | 12-11-2020 | 30-11-2020 |
| അഡ്വ.വി.എസ്.ബാബുരാജ് | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| ശ്രീ.അനുസചേതനൻ.വി.എസ് | സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീ.ജോസഫ് ബിജു.എം. | സെക്രട്ടറി | 19-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. അനുചന്ദ്രൻ | മെഡിക്കൽ ഓഫീസർ -ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. ദീപ എ.എസ്. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.എം.ഡി ശശി | മെഡിക്കൽ ഓഫീസർ-PHC | 01-04-2020 | 31-03-2021 |
| ശ്രീമതി അനാമിക | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഗൗരി ശങ്കർ | വി.ഇ.ഒ (ചായം സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ.ഹരികുമാർ | വി.ഇ.ഒ (വിതുര സർക്കിൾ) | 01-04-2020 | 31-12-2020 |
| ശ്രീമതി കൃഷ്ണ മണികണ്ഠൻ | വി.ഇ.ഒ (വിതുര സർക്കിൾ) | 01-01-2021 | 31-03-2021 |
| ശ്രീമതി ശ്രീദേവി | അസിസ്റ്റന്റ് എഞ്ചീനിയർ | 01-04-2020 | 10-02-2021 |
| ശ്രീ.ആർ.മധുസൂദനൻ നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 11-02-2021 | 31-03-2021 |
| ശ്രീമതി സുജി മാത്യൂ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ജോയ്.എൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 30-06-2020 |
| ശ്രീ.ദിലീപ് കുമാർ | ഹെഡ്മാസ്റ്റർ | 01-07-2020 | 31-03-2021 |
| ശ്രീമതി ലേഖ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഡോ.ശാന്തി | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീ.എസ്.ഹരികുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 02-04-2020 |
| ശ്രീമതി സന്ധ്യ എം.നായർ | ജൂനിയർ സൂപ്രണ്ട് (അഡീ.ചാർജ്ജ് അസിസ്റ്റന്റ് സെക്രട്ടറി) | 03-04-2020 | 17-06-2020 |

| | | | |
|---|---|---|---|
| ശ്രീ.രാജുമോഹൻ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 18-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Biji T (Computer Assistant, On 09-06-2022) | 1-1 |
| 2 | ബജറ്റ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Biji T (Computer Assistant, On 13-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Biji T (Computer Assistant, On 09-06-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-2-1 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: K Sreeja (Deputy Director, On 22-06-2022) | 1-3 |
| 6 | പദ്ധതി അവലോകനം<br>Written By: THANUJA M.N. (Senior Grade Auditor, On 13-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-4 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-5-1 |
| 9 | സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-5-2 |
| 10 | സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി ക്ഷേമ പെൻഷൻ കൈപ്പറ്റിയിരിക്കുന്നു<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-5-3 |
| 11 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-6 |
| 12 | MNREGA പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-6-2 |
| 13 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-6-3 |
| 14 | റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-6-4 |
| 15 | മാർഗ്ഗരേഖ പ്രകാരം സൂക്ഷിക്കേണ്ട രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-6-5 |
| 16 | M-ബുക്ക് പരിപാലിക്കുന്നതിൽ അപാകത<br>Written By: Rekha C S (Senior Grade Auditor, On 18-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-6-6 |
| 17 | കിണർ റീചാർജ് പ്രവൃത്തികൾ 2020-21 സാമ്പത്തിക വർഷത്തിൽ | 1-6-7 |

| | | |
|---|---|---|
| | നടപ്പിലാക്കിയില്ല.<br>Written By: Rekha C S (Senior Grade Auditor, On 18-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | |
| 18 | അഭ്യന്തരനിയന്ത്രണം<br>Written By: THANUJA M.N. (Senior Grade Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-7 |
| 19 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Renjith C (Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-8 |
| 20 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-9 |
| 21 | വസ്തു നികുതി- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-10 |
| 22 | മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-10-1 |
| 23 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-10-2 |
| 24 | 60 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Biji T (Computer Assistant, On 13-06-2022) | 1-10-3 |
| 25 | ലൈസൻസ്- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-11 |
| 26 | സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-11-1 |
| 27 | യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസൃതമായ ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-11-2 |
| 28 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-11-3 |
| 29 | വാടക വരവ്- അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-12 |
| 30 | ലേലം- അപാകതകൾ<br>Written By: Arya Krishnan A.R (Auditor, On 13-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-13 |
| 31 | ലൈബ്രറി വരവ്- രസീത് പരിശോധന അപാകങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 12-03-2022)<br>Last Updated By: Biji T (Computer Assistant, On 10-06-2022) | 1-14 |
| 32 | ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം തുക വിതരണക്കാരന് നൽകിയിരിക്കുന്നു. 159766.85 രൂപയുടെ അധിക ചെലവ്<br>Written By: Renjith C (Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-15 |
| 33 | തനത് സാമ്പത്തിക വർഷത്തെ 73716 രൂപയുടെ ചെലവ് പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ വന്നിട്ടില്ല<br>Written By: Renjith C (Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-16 |

| | | |
|---|---|---|
| 34 | സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങൾ വിതരണം ചെയ്തില്ല- 57780/- രൂപ അധികം നൽകി 847440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Renjith C (Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-17 |
| 35 | രേഖകൾ ലഭ്യമാക്കിയില്ല - 2136240/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: THANUJA M.N. (Senior Grade Auditor, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-18 |
| 36 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- രേഖകൾ ലഭ്യമാക്കിയില്ല - 5963460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: THANUJA M.N. (Senior Grade Auditor, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-19 |
| 37 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ/പരിപാലനം - അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-20 |
| 38 | പഠനമുറി നിർമ്മാണം -രേഖകൾ ഹാജരാക്കിയില്ല-50000 രൂപയുടെ ചെലവ് തടസ്സം<br>Written By: THANUJA M.N. (Senior Grade Auditor, On 06-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 1-21 |
| 39 | ആസ്തിപരിപാലനത്തിൽ അപാകത<br>Written By: Rekha C S (Senior Grade Auditor, On 18-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-22 |
| 40 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-23 |
| 41 | സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 1-24 |
| 42 | പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പായി പ്രോജക്റ്റ് റിവൈസ് ചെയ്തു<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-25 |
| 43 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-26 |
| 44 | പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു<br>Written By: Rekha C S (Senior Grade Auditor, On 17-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-27 |
| 45 | പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: Rekha C S (Senior Grade Auditor, On 18-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-28 |
| 46 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയില്ല<br>Written By: Rekha C S (Senior Grade Auditor, On 18-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-29 |
| 47 | ചായം LPS-ലെ നിർമ്മിതികളിലെ പാളിച്ചകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Rekha C S (Senior Grade Auditor, On 02-04-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-30 |
| 48 | പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 21-03-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 1-31 |
| 49 | പട്ടികവർഗവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- കെൽട്രോണിനു 4190/- | 1-32 |

| | | |
|---|---|---|
| | രൂപ അധികം നൽകി<br>Written By: THANUJA M.N. (Senior Grade Auditor, On 21-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arya Krishnan A.R (Auditor, On 10-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 13-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Rekha C S (Senior Grade Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Arya Krishnan A.R (Auditor, On 10-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Rekha C S (Senior Grade Auditor, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 11-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha C S (Senior Grade Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-06-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 12-04-2022)<br>Last Updated By: Biji T (Computer Assistant, On 13-06-2022) | 4-7 |
| 8 | ചാർജ/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 13-04-2022)<br>Last Updated By: Biji T (Computer Assistant, On 13-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rekha C S (Senior Grade Auditor, On 13-04-2022)<br>Last Updated By: K Sreeja (Deputy Director, On 22-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 12-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 14-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 20.3.2020ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) 303788014/- രൂപയും ആകെ ചെലവ് 293412000/- രൂപയും നീക്കിയിരിപ്പ് 10376014/-രൂപയുമാണ്.

### 1-1-1 ബജറ്റ്- അപാകങ്ങൾ

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്.

ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതും നിർദ്ദേശിച്ചതിൽ കൂടുതലും ആയ ചെലവുകൾ ചെയ്തിട്ടുണ്ടെങ്കിലും ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. 2021-22 ലെ ബജറ്റിനോടൊപ്പം ബജറ്റ് റിവൈസ് ചെയ്യുകയാണ് ഉണ്ടായിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിക്കാത്തതിന് കാരണം വ്യക്തമല്ല. ബജറ്റ്, വാർഷികധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

എ) ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2501026 | കൃഷിയും അനുബന്ധ മേഖലകളും- അനുബന്ധ സൗകര്യങ്ങൾ | - | 1620000/- |
| 2501052 | ഉൾനാടൻ മത്സ്യകൃഷി | - | 93045/- |
| 2511011 | അനൗപചാരിക വിദ്യാഭ്യാസവും തുടർ വിദ്യാഭ്യാസവും | - | 16800/- |

ബി) ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2501034 | മൃഗസംരക്ഷണം- കന്നുകുട്ടി പരിപാലനം | 400000 | 800000 |
| 2501041 | മൃഗസംരക്ഷണം- അനുബന്ധ സൗകര്യങ്ങൾ | 250000 | 420000 |
| 2502001 | മണ്ണ് ജല സംരക്ഷണം | 100000 | 596724 |

സി) ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ ചെലവ് ചെയ്തിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് (ബജറ്റ് പ്രകാരം) | ഇനം | ബജറ്റിൽ വകയിരുത്തിയ തുക | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 2305001 | സംരക്ഷണവും അറ്റകുറ്റപ്പണികളും- പൊതു കെട്ടിടങ്ങൾ | 3900000 | - |
| 2305002 | സംരക്ഷണവും അറ്റകുറ്റപ്പണികളും- റോഡുകൾ | 7000000 | - |
| 2305008 | സംരക്ഷണവും അറ്റകുറ്റപ്പണികളും- മാലിന്യ നിർമാർജന പദ്ധതികൾ | 500000 | - |
| 2501005 | കൃഷിയും അനുബന്ധ മേഖലകളും- ക്ഷീരവികസനം | 1700000 | - |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.22/03.03.2022) ലഭ്യമാക്കിയ മറുപടിയിൽ റിവൈസ്ഡ് ബജറ്റ് പ്രകാരം വകയിരുത്തിയ തുകയിൽ നിന്നാണ് പ്രസ്തുത ചെലവുകൾ നടത്തിയിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ, റിവൈസ്ഡ് ബജറ്റിലും മേൽ ചെലവുകൾക്ക് വേണ്ട തുക വകയിരുത്തിയതായി കാണുന്നില്ല. പഞ്ചായത്ത് രാജ് ചട്ടം അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 01.07.2021 | - | - |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2020-2021 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) ലഭ്യമാക്കിയ മറുപടിയിൽ താരതമ്യ പത്രിക തയ്യാറാക്കിയിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ, ഓഡിറ്റിന് എയിംസ് മുഖേന സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിൽ 2019-20 സാമ്പത്തിക വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ, റസീപ്റ്റ് & പേയ്മെന്റ് ഷെഡ്യൂൾ, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

2) ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (13228023/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (6000690/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) ലഭ്യമാക്കിയ മറുപടിയിൽ വാർഷിക അക്രൂവൽ പ്രകാരമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിച്ചു.

4) 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനത് ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | ഹെഡ്ഡ്കോഡ് | ഇനം | ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | 320100204 | Grants, Funds & | 394718 | പ്രസ്തുത തുക ടൈബൽ |

| | | | | |
|---|---|---|---|---|
| | | Contributions For Specific Purposes- Other Central Govt Grants- Local Area D | | ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമായ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണ്. |
| 2 | 320200214 | Fund For Transferred Institutions- Development Of Scheduled Tribes- Capital | 1075998 | പ്രസ്തുത തുക ട്രൈബൽ ഡിപ്പാർട്ട്മെന്റ് (മരാമത്ത്) ഫണ്ടിൽ നിന്നും ലഭ്യമായ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണ്. |
| 3 | 320500101 | Grants, Funds & Contributions For Specific Purposes- Welfare Bodies- Capital | 60500 | മറുപടി ലഭ്യമാക്കിയില്ല |
| 4 | 320700205 | Contributions For Joint Venture Projects (For Revenue Expenditure) From District Panchayath | 220182 | പ്രസ്തുത തുക ജില്ലാ പഞ്ചായത്ത് ലൈഫ് വിഹിതത്തിൽ നിന്നും ലഭ്യമായ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണ്. |
| 5 | 320800199 | Other Grants, Funds & Contributions For Specific Purposes- Capital | 228985 | പ്രസ്തുത തുക നാഷണൽ പെൻഷൻ വിഹിതം ഇനത്തിൽ ലഭ്യമായ ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയാണ്. |
| 6 | 320900299 | Other Awards From State Govt | 10000 | മറുപടി ലഭ്യമാക്കിയില്ല |

5) 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക | ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി |
|---|---|---|---|---|
| 1 | 320100121 | Centrally Sponsored Scheme- ICDS | 650657 | കേന്ദ്രവിഹിതം 2021-22 ൽ ചെലവഴിച്ചു |
| 2 | 320200307 | Grants, Funds & Contributions For Specific Purposes- Other Then Development Fund And State Sponsore | 66000 | അംഗൻവാടി ബോർഡ് നിർമ്മാണം 2021-22 ൽ ചെലവഴിച്ചു |
| 3 | 320200309 | Literacy Scheme Grant | 2980 | ലൈബ്രറി ഗ്രാന്റ് 2021-22 ൽ ചെലവഴിച്ചു |
| 4 | 320200321 | NABARD Assistance | 4800000 | നബാർഡ് മണലി പാലം നിർമ്മാണം 2021-22 ൽ ചെലവഴിച്ചു |
| 5 | 350200322 | Grants From Suchitwa Mission | 8692862 | ശുചിത്വമിഷൻ ഫണ്ട് 2021-22 ൽ ചെലവഴിച്ചു വരുന്നു |
| 6 | 320300199 | Grants, Funds & Contributions For Specific Purposes- Other Govt Agencies | 552700 | |
| 7 | 320400199 | Grants, Funds & Contributions For Specific Purposes- Other Financial Institutions | 400000 | ലൈഫ് സ്റ്റേറ്റ് ഷെയർ 2021-22 ൽ ചെലവഴിച്ചു |
| 8 | 320700204 | Contributions For Joint Venture Projects (For Revenue Expenditure)- From Block Panchayat | 1481978 | ബ്ലോക്ക് വിഹിതം 2021-22 ൽ ചെലവഴിച്ചു |
| 9 | 320800101 | Beneficiary Contributions | 270341 | ഗുണഭോക്തൃ വിഹിതം ജലജീവൻ മിഷൻ 257400/- 2021-22 ൽ ചെലവഴിച്ചു വരുന്നു. ബാക്കി 12941/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയില്ല. |
| 10 | 320800201 | Donations To CMDRF | 25501 | ദുരിതാശ്വാസ നിധി ഒടുക്കിയതായി അറിയിച്ചു |
| 11 | 350200301 | Recoveries Payable- COVID | 638753 | കോവിഡ് റിക്കവറി ജീവനക്കാർക്ക് തിരികെ നൽകി |

6) KURDFC ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രിക, ലോൺ രജിസ്റ്റർ എന്നിവയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് (2019-20 B5) | വരവ് (2020-21 RP32) | ആകെ | ചെലവ് (ലോൺ രജിസ്റ്റർ) | നീക്കിയിരിപ്പ് | നീക്കിയിരിപ്പ് (2020-21 B5) |
|---|---|---|---|---|---|
| 45863588 | 3160000 | 49023588 | 5309922 | 43713666 | 42773666 |

വാർഷിക ധനകാര്യ പത്രിക, ലോൺ രജിസ്റ്റർ എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) ലഭ്യമാക്കിയ മറുപടിയിൽ 2019-2020 വർഷം 940000/- സംസ്ഥാന വിഹിതം ലൈഫ് ലോൺ വരവ് തെറ്റായി രേഖപ്പെടുത്തിയത്, 2020-2021 ൽ ലൈഫ് ലോൺ ബാധ്യതയിൽ കുറവ് വരുത്തിയതിനാലാണ് ബാലൻസ് ഷീറ്റിൽ 42773666/- ബാക്കി നിൽക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്.

7) RP- 40 (B) പ്രകാരം Treasury Special TSB- Joint Venture അക്കൗണ്ടിൽ 0/- ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. എന്നാൽ, തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം Joint Venture Projects For Revenue Expenditure- From Block Panchayat ഇനത്തിൽ 1481978/- രൂപയും Joint Venture Projects For Revenue Expenditure- From District Panchayat ഇനത്തിൽ 220182/- രൂപയും നീക്കിയിരിപ്പായി അവശേഷിക്കുന്നു. കൂടാതെ, 2019-20 സാമ്പത്തിക വർഷം മുതൽ 220182/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) ലഭ്യമാക്കിയ മറുപടിയിൽ Joint Venture Projects For Revenue Expenditure- From Block Panchayat ഇനത്തിലെ 1181978/- രൂപ ലൈഫ് വിഹിതവും, 300000/- രൂപ എം സി എഫ് വിഹിതവും ചെലവഴിച്ചുവെന്നും, 220182/- രൂപ പദ്ധതി വിഹിതം ചെലവഴിക്കാതെ തനത് ഫണ്ടിൽ നിൽക്കുന്ന വിവരം ജില്ലാ പഞ്ചായത്തിനെ അറിയിച്ചതായും മറുപടി ലഭ്യമാക്കി.

8) 2019- 20, 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം B-18 ഷെഡ്യൂളിൽ Advance To Implementing Officers- Deposit With KSEB ഇനത്തിൽ 435725/- രൂപ അവശേഷിക്കുന്നു. പ്രസ്തുത തുകയ്ക്കുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യച്ചിട്ടില്ലായെന്നും വിശദീകരിച്ചിട്ടുണ്ട്.

9) ബി-11 (എ) ഷെഡ്യൂൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) തൻവർഷം പദ്ധതിയ്ക്കായി അഡ്വാൻസ് നൽകിയിട്ടില്ലായെന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ ഷെഡ്യൂൾ ബി-11 (എ)-ലെ 993658/- രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

10) സ്ഥാപനത്തിന്റെ ക്യാഷ് ബുക്ക് പ്രകാരം നെഗറ്റീവ് ബാലൻസ് കാണിക്കുന്നു.ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| തീയതി | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 03.04.2020 | 0 | 0 | 149150 | -149150 |
| 08.07.2020 | 2127 | 4780 | 10373 | -3466 |
| 13.07.2020 | 54389 | 7572 | 62635 | -674 |
| 16.07.2021 | 5522 | 3619 | 13768 | -4627 |
| 17.07.2021 | -4627 | 1277 | 0 | -3350 |
| 21.07.2021 | -3350 | 4880 | 4896 | -3366 |

യഥാസമയം ബാങ്ക് വരവ്, ഏതിനമെന്ന് കണ്ടെത്താതെ, വരവ് വയ്ക്കാൻ കഴിഞ്ഞില്ലായെന്നും ബാങ്ക് ബാലൻസിന്റെ അടിസ്ഥാനത്തിൽ ചെലവ് ചെയ്യുന്നതിനാലാണ് ക്യാഷ് ബാലൻസ് നെഗറ്റീവ് ആകുന്നത് എന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) മറുപടി ലഭ്യമാക്കി.

11) ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ നിലവിലില്ലാത്തതിനാലാണ് സ്റ്റോക്ക് മൂല്യനിർണയം നടത്താത്തത് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) മറുപടി ലഭ്യമാക്കി.

12) B-5 ഷെഡ്യൂളും, B-16 ഷെഡ്യൂളും തമ്മിൽ 84000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഇത് ലൈഫ് ലോൺ വരവിനത്തിലെ തുകയാണെന്നും 2021-22 സാമ്പത്തിക വർഷം ആയത് ചെലവഴിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) മറുപടി ലഭ്യമാക്കി.

13) മുൻവർഷ/ തൻവർഷ B-9 ഷെഡ്യൂൾ പ്രകാരം 350800119- Liability For Programme/ Scheme Expenditure ഇനത്തിൽ 11140/- രൂപ നിലനിൽക്കുന്നു. ആയത് 22.03.2019-ലെ തൊഴിൽ രഹിത വേതനം തിരിച്ചടവ് തുകയാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

14) RP-47 ഷെഡ്യൂളിലെ Temporary Advance To Official Purpose ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 551917/- രൂപയും അഡ്വാൻസ് രജിസ്റ്റർ പ്രകാരം 546917/- രൂപയുമാണ്. ബിൽ രജിസ്റ്റർ പ്രകാരം മെഡിക്കൽ ഓഫീസർ (ഹോമിയോ), വിതുര-യ്ക്ക് 20000/- (52000250/18.06.20) രൂപയും, മെഡിക്കൽ ഓഫീസർ (ഹോമിയോ), കല്ലാർ-ന് 5000/-

(52000724/18.11.20) രൂപയുമാണ് അഡ്വാൻസായി നൽകിയിരിക്കുന്നത്. എന്നാൽ, അഡ്വാൻസ് രജിസ്റ്റർ പ്രകാരം പ്രസ്തുത ചെലവ് 10000/- രൂപ വീതം ആകെ 20000/- രൂപയാണ്. വാർഷിക ധനകാര്യ പത്രിക, അഡ്വാൻസ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

15) വാർഷിക ധനകാര്യ പത്രികയിൽ Festival Advance ഇനത്തിൽ 77000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, അഡ്വാൻസ് രജിസ്റ്റർ പ്രകാരം 65000/- ചെലവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. വാർഷിക ധനകാര്യ പത്രിക, അഡ്വാൻസ് രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

16) തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുക 2974560/- രൂപയാണ്. എന്നാൽ, RP-1 പ്രകാരമുള്ള വരവ് 2933960/- രൂപയാണ്. 40600/- രൂപയുടെ വ്യത്യാസം കാണുന്നു. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

17) ലഭ്യമാക്കിയ ഡി സി ബി സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം വസ്തു നികുതി ഇനത്തിൽ ലഭ്യമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കളക്ഷൻ | | ഡി സി ബി സ്റ്റേറ്റ്മെന്റ് പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം |
|---|---|---|---|
| റെസിഡൻഷ്യൽ | അരിയർ | 233947 | 221299 |
| | കറന്റ് | 821914 | 852889 |
| നോൺ-റെസിഡൻഷ്യൽ | അരിയർ | 337205 | 321378 |
| | കറന്റ് | 1294385 | 1175710 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വരവ് ഡി.സി.ബി യിലും, സാംഖ്യ സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വരവ് എ.എഫ്.എസ്-ലും രേഖപ്പെടുത്തുന്നതിനാലാണ് വ്യത്യാസം നിലനിൽക്കുന്നതെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) മറുപടി ലഭ്യമാക്കി.

18) MGNREGS- ന്റെ വാർഷിക ധനകാര്യ പത്രികയിലെ വരവ്-ചെലവ്- നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുത്തില്ല. വിശദാംശങ്ങൾ ചുവടെ:

| | | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | എ.എഫ്.എസ് പ്രകാരം | 427 | 1791024 | 259659 | 1602 |
| | ക്യാഷ് ബുക്ക് പ്രകാരം | 427 | 1791024 | 1789849 | 1602 |
| ഇ.എഫ്.എം.എസ് | എ.എഫ്.എസ് പ്രകാരം | 0 | 95353190 | 95353190 | 0 |
| | ക്യാഷ് ബുക്ക് പ്രകാരം | 0 | 93823000 | 93823000 | 0 |

തൊഴിലുറപ്പ് പദ്ധതിയ്ക്ക് തൻവർഷം 1789849/- ചെലവ് വന്നിട്ടുള്ളതായും 2019-2020 വർഷത്തെ 919618/- രൂപ അഡ്വാൻസ് തുക ക്രമീകരിച്ച ശേഷം 870231/- രൂപ ചെലവഴിച്ചിട്ടുള്ളതായും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) മറുപടി ലഭ്യമാക്കി.

19) 2020-2021 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന ആസ്തി നിർമ്മാണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ, മുൻവർഷത്തെ ബി-11 ഷെഡ്യൂളിലെ Roads-Tarred ലെ അതേ തുക തന്നെയാണ് തൻവർഷം ബി-4 ഷെഡ്യൂളിലും ഉൾപ്പെടുത്തിയിരിക്കുന്നത്.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|
| 54 | ബോണക്കാട് ജി ബി ഡിവിഷൻ 35 അളവ് മുതൽ സ്കൂൾ റോഡ് മെറ്റലിംഗും ടാറിംഗും ഓട നിർമ്മാണവും- ബോണക്കാട് വാർഡ്- III റീച്ച് | 1420609 |
| 61 | പോലീസ് സ്റ്റേഷൻ മൈലക്കോണം റോഡ് ടാറിംഗ് & മെറ്റലിംഗ് & സൈഡ് വാൾ നിർമ്മാണം- വാർഡ് മുളക്കോട്ടുകര | 776308 |

20) Temporary Advance For Official Purposes ഇനത്തിൽ 17.07.2020 തീയതിയിൽ മെഡിക്കൽ ഓഫീസർക്ക് (ആയുർവേദം) 50000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) ലഭ്യമാക്കിയ രേഖകൾ 2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, ആയുർവേദത്തിന് നൽകിയ അഡ്വാൻസ് തുകയുടേതാണ്.

21) 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബി-17 ഷെഡ്യൂളിലെ SBT (Own Fund) ഇനത്തിലെ 30541/- രൂപ തൻവർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് ഭാരതീയ സ്റ്റേറ്റ് ബാങ്കിലെ ജലജീവൻ മിഷൻ ഗുണഭോക്തൃ വിഹിതം നിക്ഷേപിക്കുന്ന അക്കൗണ്ട് ആണെന്നും 30541/- രൂപ ഉൾപ്പെടെ 288138/- രൂപ ഈ അക്കൗണ്ടിൽ നിലവിലുണ്ടെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/ 02.03.2022) മറുപടിയായി അറിയിച്ചു.

22) Expenditure Statement പ്രകാരം താഴെ പറയുന്ന പദ്ധതിയ്ക്കായി ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | തുക |
|---|---|---|

| | | |
|---|---|---|
| 308/21 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 155963/- |
| | | 22048/-*<br>വൗച്ചർ പ്രകാരം ഉള്ള ചെലവ്, ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. |

പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തുക ചെലഴവിച്ചതിന്റെ വിവരം RP-47 ലും തുക ക്രമീകരിക്കാത്തതിന്റെ വിവരം B-18ലും ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 26/04.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് യൂട്ടിലൈസേഷൻ

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 24315600 | 24315600 | 29203696* | -4888096 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 6310098 | 6310098 | 5790476** | 519622 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 6828980 | 6828980 | 7062056*** | -233076 |
| Maintanance Fund (Road) | 0 | 19862000 | 19862000 | 12516912**** | 7345088 |
| Maintanance Fund (Non-road) | 0 | 7768622 | 7768622 | 7557405***** | 211217 |
| Development Fund (CFC Untied) | 0 | 21990084 | 21990084 | 12314928 | 9675156 |
| Development Fund (CFC Tied) | 0 | 11340000 | 11340000 | 6334691 | 5005309 |
| CSS** | 0 | 0 | 0 | 2518912 | -2518912 |
| SSS*** | 0 | 0 | 0 | 6100000 | -6100000 |

*എ സി ആർ പ്രകാരമുള്ള ചെലവ് 24310012/- രൂപയാണ്.

**എ സി ആർ പ്രകാരമുള്ള ചെലവ് 5351574/- രൂപയാണ്.

***എ സി ആർ പ്രകാരമുള്ള ചെലവ് 6199036/- രൂപയാണ്.

****എ സി ആർ പ്രകാരമുള്ള ചെലവ് 13226964/- രൂപയാണ്.

*****എ സി ആർ പ്രകാരമുള്ള ചെലവ് 7478027/- രൂപയാണ്.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, സി.എഫ്.സി എന്നിവയിൽ വൻതുകകൾ ലാപ്സാകുന്നത് ധനകാര്യസ്റ്റാൻഡിംഗ്

കമ്മിറ്റി പരിശോധിക്കേണ്ടതാണ്. ക്യാരി ഓവർ വിഹിതം ലഭ്യമായിട്ടുണ്ടോ എന്നതും വ്യക്തമായിട്ടില്ല. ലാപ്സ് തുക സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വികസനഫണ്ട് നീക്കിയിരിപ്പ് മൈനസ് ആയത് വിശദീകരിക്കേണ്ടത് ആണ്.

## 1-4 പദ്ധതി അവലോകനം

1)ആസൂത്രണ സമിതി

1.സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി) പ്രകാരം പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട്നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃസംഘടിപ്പിച്ചിട്ടില്ല.

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. പ്രസ്തുത ചുമതല വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 33/03.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

3. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ അടങ്കൽ തുക (384566073) രൂപയും ചെലവ് (103321032) രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 27 % മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 8084538 | 7665298 | 95% |
| | സേവനം | 30754974 | 21612114 | 70% |
| | പശ്ചാത്തലം | 347490 | 0 | 0 |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 6838451 | 4559219 | 67% |
| | പശ്ചാത്തലം | 1900000 | 1231257 | 15% |
| പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 404000 | 404000 | 100% |
| | സേവനം | 7454796 | 5146763 | 69% |
| | പശ്ചാത്തലം | 2304714 | 1511293 | 66% |

## 1-5 ക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 103440 | 146 |
| കർഷകതൊഴിലാളി പെൻഷൻ | 6803900 | 440 |
| വിധവ പെൻഷൻ | 24319300 | 1625 |
| വാർദ്ധക്യകാലപെൻഷൻ | 38461600 | 2653 |
| വികലാംഗപെൻഷൻ | 4810000 | 315 |
| വിവാഹധനസഹായം | 120000 | 4 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 921900 | 344 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകി

- ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ഹെർമ്മൻ ഇ. | 102580400117 | വികലാംഗപെൻഷൻ | 20.12.2019 | ആക്ടീവ് | 1/20- 1/22 | 36500 |
| 2 | ആന്റണി | 102550200204 | വാർദ്ധക്യകാല പെൻഷൻ | 27.12.2019 | ആക്ടീവ് | 1/20- 1/22 | 38500 |
| 3 | ചന്ദ്രൻ പിള്ള | 102580202726 | വാർദ്ധക്യകാല പെൻഷൻ) | 11.02.2020 | ആക്ടീവ് | 03/20- 01/22 | 33740 |
| 4 | തങ്കൻ വി | 102580200689 | വാർദ്ധക്യകാല പെൻഷൻ) | 23.01.2020 | ആക്ടീവ് | 02/2020- 01/22 | 37000 |
| 5 | പാർവ്വതിയമ്മ* | 102580200316 | വാർദ്ധക്യകാല പെൻഷൻ) | 16.04.2020 | ആക്ടീവ് | 05/20- 01/22 | 32500 |
| 6 | മൈതീൻകുട്ടി.എം | 102580201907 | വാർദ്ധക്യകാല പെൻഷൻ) | 25.04.2020 | ആക്ടീവ് | 05/20- 01/22 | 32500 |
| 7 | ഹൈമവതി | 102580600259 | വിധവ പെൻഷൻ സ്കീം) | 21.02.2020 | ആക്ടീവ് | 03/20- 01/22 | 33740 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | സുകമാരൻനായർ.ആർ | 102580201197 | വാർദ്ധക്യകാല പെൻഷൻ) | 28.05.2020 | ആക്ടീവ് | 06/20- 01/22 | 30000 |
| 9 | രാജമ്മ എൽ | 102590100518 | കർഷക തൊഴിലാളി പെൻഷൻ | 19.05.2020 | ആക്ടീവ് | 06/20- 01/22 | 30000 |
| 10 | വേദപ്പ | 102610200441 | വാർദ്ധക്യകാല പെൻഷൻ | 26.06.2020 | ആക്ടീവ് | 07/20- 01/22 | 28700 |
| 11 | കൃഷ്ണപണിക്കർ | 102580200325 | വാർദ്ധക്യകാല പെൻഷൻ | 02.07.2020 | ആക്ടീവ് | 08/20- 01/22 | 28000 |
| 12 | ശാന്തി.എസ് | 102580601210 | വാർദ്ധക്യകാല പെൻഷൻ | 27.07.2020 | ആക്ടീവ് | 08/20- 01/22 | 27400 |
| 13 | മുരുകയ്യ | 102580200703 | വാർദ്ധക്യകാല പെൻഷൻ | 09.07.2020 | സസ്പെൻഡ് | 08/20- 06/21 | 16200 |
| 14 | ജോസഫ്.എ | 102580201041 | വാർദ്ധക്യകാല പെൻഷൻ | 06.08.2020 | ആക്ടീവ് | 09/20- 01/22 | 26500 |
| 15 | ബാലകൃഷ്ണൻ | 102580100452 | കർഷക തൊഴിലാളി പെൻഷൻ | 01.08.2020 | ആക്ടീവ് | 08/20-01/22 | 27400 |
| 16 | കുഞ്ഞുകൃഷ്ണൻനായർ | 102580200595 | വാർദ്ധക്യകാല പെൻഷൻ | 03.07.2020 | ആക്ടീവ് | 07/20- 01/22 | 29500 |
| 17 | രാധമ്മ പി | 102630600437 | വിധവ പെൻഷൻ | 09.08.2020 | ആക്ടീവ് | 09/20- 01/22 | 26100 |
| 18 | ജയചന്ദ്രൻ.ബി | 102580400360 | ഡിസബിലിറ്റി പെൻഷൻ സ്കീം -ശാരീരികം | 09.08.2020 | ആക്ടീവ് | 09/20- 01/22 | 26100 |

* ആധാർ കാർഡ് പ്രകാരം ഭാരതിയമ്മ എന്നാണ് പേര് രേഖപ്പെടുത്തിയിരിക്കുന്നത്

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. വിതുര ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ധനകാര്യവകുപ്പിന്റെ 05.11.20-ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മൂലം സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച് തുടർനടപടി സ്വീകരിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/04.03.2022) മറുപടി ലഭ്യമാക്കിയില്ല. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-5-2 സേവന ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ഗുണഭോക്താക്കളെ മരണശേഷവും ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന് കാണുന്നു. (ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു). മസ്റ്ററിംഗ് പൂർത്തികരിച്ചിട്ടില്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| നം | പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | നിലവിലെ സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | സുലോചന എം. | 24.12.2019 | 246597177635 | സസ്പെൻഡ് |
| 2 | രാജമ്മ | 25.01.2020 | 490533431524 | സസ്പെൻഡ് |
| 3 | ലക്ഷ്മിക്കുട്ടിയമ്മ.ബി | 25.01.2020 | 765766958849 | സസ്പെൻഡ് |
| 4 | രത്നമണി | 17.01.2020 | 901485171256 | ആക്ടീവ് |
| 5 | കൊച്ചപ്പി എൻ | 26.01.2020 | 931706694673 | സസ്പെൻഡ് |
| 6 | ബാഹുലേയൻ.ആർ | 02.02.2020 | 402178448135 | സസ്പെൻഡ് |
| 7 | അരുവി പി. | 09.02.2020 | 816186321575 | സസ്പെൻഡ് |
| 8 | സരോജിനിഅമ്മ | 09.03.2020 | 897031942054 | സസ്പെൻഡ് |
| 9 | കുഞ്ഞൻ | 13.03.2020 | 841373657119 | സസ്പെൻഡ് |
| 10 | ചെല്ലമ്മ | 01.04.2020 | 622018676077 | സസ്പെൻഡ് |

ധനകാര്യവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18-ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/04.03.2022) മറുപടി ലഭ്യമാക്കിയില്ല. അനർഹരുടെ പെൻഷൻ അക്കൗണ്ടുകൾ എത്രയും പെട്ടെന്ന് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-5-3 സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി ക്ഷേമ പെൻഷൻ കൈപ്പറ്റിയിരിക്കുന്നു

വിതുര ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ ഉൾപ്പെടുന്നുണ്ട്. അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും വിലാസവും | ആധാർ നമ്പർ | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | സുബൈദാ ബീവി.എസ്, കാലൻകാവ്, റോഡരികത്ത് വീട്, പേപ്പാറ പി ഒ | 102580100552 | 83000 |
| 2 | പത്മാവതിയമ്മ, കീർത്തി ഭവൻ, പോറ്റിക്കുന്ന്, ചന്തമുക്ക്, വിതുര | 580503352867 | 3000 |
| 3 | രത്നകുമാരി.എസ്, പുലരി, പോസ്റ്റ് * ഓഫീസിന് സമീപം, വിതുര | 443133802804 | 87100 |
| 4 | ലീല, ജയ നിവാസ്, തേവിയോട്, വിതുര | 878552740587 | 24500 |
| 5 | ഇന്ദിര, ശക്തിനിവാസ്, പേപ്പാറ, പേപ്പാറ പി ഒ ** | 655921884538 | 10000 |

*17.04.2021-ൽ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

** 04.08.2020- ൽ മരണപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

സർക്കാരിന്റെ 23.1.2020-ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/04.03.2022) മറുപടി ലഭ്യമാക്കിയില്ല. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 427 | 1791024 | 1791451 | 259659 | 1531792 |
| ഗുണഭോക്താക്കൾക്ക് | 0 | 95353190 | 95353190 | 95353190 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകിയത് | | | | | |
| ആകെ | 427 | 96644214 | 96644641 | 95612849 | 1531792* |

*2020-21 ലെ AFS ലെ RP-31, I-6 പ്രകാരമുള്ള വരവും RP-16, I-14(a) പ്രകാരമുള്ള ചെലവ് എന്നിവയുടെ അടിസ്ഥാനത്തിൽ 1531792/- രൂപയാണ് നീക്കിയിരിപ്പായി വരേണ്ടത്. എന്നാൽ B-4, B-17, RP40(b) പ്രകാരമുള്ള നീക്കിയിരിപ്പ് 1602/- രൂപയാണ്. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ അഡ്മിനിസ്ട്രേറ്റീവ് ഇനത്തിലുള്ള ചെലവ് 1789849/- രൂപയും നീക്കിയിരിപ്പ് 1602/- രൂപയുമാണ്.

### 1-6-2 MNREGA പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല

MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2020-21 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10) മറുപടി ലഭ്യമായില്ല.

### 1-6-3 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല

ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് മറുപടി ലഭ്യമായില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-6-4 റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നില്ല

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ. 4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമയി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 10 ന് മറുപടി ലഭ്യമായില്ല.

### 1-6-5 മാർഗ്ഗരേഖ പ്രകാരം സൂക്ഷിക്കേണ്ട രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2020-21 ഖ7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

1. ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സൈറ്റ് ഡയറി തയ്യാറാക്കിയിട്ടുള്ളത് പൂർണമല്ല.

2. Tecnical Sanction, Administrative Sanction എന്നിവ ലഭിച്ചതിന്റെ ഫയലിൽ രേഖകൾ ലഭ്യമല്ല.

3. എസ്റ്റിമേറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.കൂടാതെ ആകെ എസ്റ്റിമേറ്റ്,ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്,പ്രോജക്റ്റ് റിപ്പോർട്ട്/ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ആവശ്യപ്പെട്ടതിനെ തുടർന്ന് കുറച്ച് ഫയലുകളുടെ എസ്റ്റിമേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി.

4. പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പും, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലുമുള്ള ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

5. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് (Annex.VI) ഫയലിൽ ലഭ്യമല്ല.

6. നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

7. പ്രവൃത്തി പൂർത്തീകരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട എൻജിനീയറുടെ പൂർത്തീകരണ സാക്ഷ്യപത്രം/മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

8) പോണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവ് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമല്ല.

9) ഭൂവികസനവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഭൂവുടമയുടെ അപേക്ഷ, ഭൂവികസനം നടത്തേണ്ട സ്ഥലത്തിന്റെ കരം തീർന്ന രസീത് എന്നിവ ഫയലിൽ ലഭ്യമല്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടി ലഭ്യമായില്ല. പദ്ധതി കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ജാഗ്രത ഉണ്ടാകേണ്ടതാണ്.

## 1-6-6 M-ബുക്ക് പരിപാലിക്കുന്നതിൽ അപാകത

എം.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ M-ബുക്ക് പരിപാലിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1.M-ബുക്ക് പ്രവൃത്തി നടത്തിയ തീയതി രേഖപ്പെടുത്തിയിട്ടില്ലെന്ന് മാത്രമല്ല Detailed Estimate പ്രകാരമുള്ള Itemwise Description ന് അനുസൃതമായി അളവ് രേഖപ്പെടുത്തിയിട്ടുമില്ല. M-ബുക്കിൽ ഫൈനൽ ബിൽ മാത്രമാണ് തയ്യാറാക്കിയിട്ടുള്ളത്.

2.M-ബുക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടില്ല.

3.എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 7.12.5 പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവ് എടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള എം ബുക്കുകളിൽ ഇപ്രകാരം അളവ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെയാണ് തുക നൽകിയിട്ടുള്ളത്.

4.ഡിസ്പ്ലേബോർഡ് സ്ഥാപിക്കുന്നതിന് യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9ന് മറുപടി ലഭിച്ചില്ല. പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുന്ന ആധികാരിക രേഖയാണ് എം. ബുക്ക്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 ലെ 7.12.5 പ്രകാരമുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി M-ബുക്ക് പരിപാലിക്കേണ്ടതാണ്.

## 1-6-7 കിണർ റീചാർജ് പ്രവൃത്തികൾ 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയില്ല.

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) 161/16 ത.സ്വ.ഭ.വ തി. 9.11.16 പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9) മറുപടി ലഭിച്ചില്ല.

## 1-7 അഭ്യന്തരനിയന്ത്രണം

ഓഫിസ് ഭരണസംവിധാനം പ്രവർത്തനക്ഷമമാണെങ്കിലും, മെച്ചപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് സുതാര്യവും നീതിയുക്തവുമായ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട്.

- ഓഫീസ് ജോലി വിഭജന പ്രകാരം കൃത്യമായി ജോലികൾ തീർക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.
- പഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി ഇനത്തിലെ വരവുകൾ യഥാവിധി പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. തനത് വരവ് പിരിച്ചെടുക്കുന്നതിൽ ധാരാളം പോരായ്മകൾ നിലനിൽക്കുന്നു. പുതിയ വരുമാനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ഡെയ്ഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
- മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകിയതായും സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി സാമൂഹ്യസുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയതായും കണ്ടെത്തിയിട്ടുണ്ട്. ആയതിൽ ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.
- പദ്ധതിപ്പണം കൃത്യമായും ഫലപ്രദമായും നടപ്പാക്കുന്നതിനായി കൂടുതൽ ശ്രദ്ധ ആവശ്യമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ട്. ഓരോ പ്രോജക്ടിന്റെയും അന്തിമഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി മാറേണ്ടതുണ്ട്. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതാണ്.
- ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ആയതിന്റെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടതും ചെലവഴിക്കാത്ത തുക യഥാസമയം തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.
- തെരുവ് വിളക്ക് പരിപാലന പദ്ധതികൾ നടപ്പാക്കുന്നതിൽ ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി പണം വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.
- ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ

മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

- ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.
- മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏർപ്പെടുന്ന കരാറുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. ടെണ്ടർ രജിസ്റ്റർ കൃത്യതയോടെ പരിപാലിക്കേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-02-2022 , 03.05 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 595/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/12/21 | 1/21-10/21 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.04.17 മുതൽ 19.04.17 വരെ | 2012-13 മുതൽ 2016-17 വരെ | 18.05.17 |

## 1-10 വസ്തു നികുതി- അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-10-1 മേഖല അടിസ്ഥാനത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും, ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരത്തിൽ മാപ്പ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 31/ 03.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നികുതി നിർണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-10-2 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം

ഗ്രാമപഞ്ചായത്തിൽ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. വാർഡ് 7 മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1 | 5/266A | സുജാതകുമാരി | വിതുര-പൊൻമുടി റോഡ് | പ്രഥമം |
| 2 | 5/266B | അരുൺനായർ | വിതുര-പൊൻമുടി റോഡ് | ദ്വിതീയം |
| 3 | 5/402 | ഡി. ബെന്നിസ് | വിതുര-പൊൻമുടി റോഡ് | ദ്വിതീയം |
| 4 | 5/402A | റോസമ്മ | വിതുര-പൊൻമുടി റോഡ് | പ്രഥമം |
| 5 | 5/511 | എം.ശ്രീകണ്ഠൻ | കല്ലാർ-മൊട്ടമൂട് | ദ്വിതീയം |
| 6 | 5/511 A | ശാന്തകാണി | കല്ലാർ-മൊട്ടമൂട് | തൃതീയം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/ 03.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേഖല നിർണ്ണയിച്ചതിലെ അപാകത മൂലം വസ്തുനികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

### 1-10-3 60 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയിട്ടില്ല.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയാണ് 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ, പഞ്ചായത്തിൽ 60 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നികുതി കണക്കാക്കിയതായി കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | പേര്/ വിലാസം | വിസ്തീർണ്ണം (ച.മീ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 5/15 | സതി, നാരകത്തിൻകാല, ആനപ്പാറ പി ഒ | 144 ച.മീ |
| 2 | 5/22 | ഓമന, കോണിൽ പുത്തൻവീട്, നാരകത്തിൻകാല, ആനപ്പാറ പി ഒ | 69.12 ച.മീ |
| 3 | 5/65 | ഗോമതി, അറവലകരിക്കകം,കല്ലാർ തിരുവനന്തപുരം | 73 ച.മീ |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/ 03.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം വസ്തുനികതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം വരുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 ലൈസൻസ്- അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-11-1 സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള കമ്പ്യൂട്ടറൈസ് ചെയ്ത പട്ടിക തയ്യാറാക്കിയിട്ടില്ല

സ.ഉ.(സാധ) നമ്പർ 2511/2017/ത.സ്വ.ഭ.വ തീയതി 22.07.2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-11-2 യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസൃതമായ ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 18,19പട്ടിക 3 എന്നിവ പ്രകാരമുള്ള യന്ത്രത്തിന്റെ കുതിരശക്തിയ്ക്ക് അനുസരിച്ചുള്ള ഫീസ് ചുവടെ ചേർക്കുന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|
| Managing Director, Silver Stone Rubber India Pvt Ltd, Thavakkal, Vithura P O | 630 HP | 6300/- | 4260/- | 2040/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/ 03.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-11-3 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/ 03.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 വാടക വരവ്- അപാകങ്ങൾ

എ) കമ്മ്യൂണിറ്റി ഹാൾ വാടക ഇളവ് നൽകിയതിലെ അപാകതകൾ

1) 2020-21 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് വാടക ഒഴിവാക്കി നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

റാബിയത്ത്.എം, തടത്തരികത്ത് വീട്, നെല്ലിക്കുന്ന്, വിതുര പി.ഒ

വിമല, മൈലക്കോണം, തോട്ടരികത്ത് വീട്, വിതുര പി.ഒ

എന്നാൽ, ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. വാടക ഒഴിവാക്കിയതിന്റെ കാരണം വ്യക്തമല്ല.

2) രജിസ്റ്ററിൽ ഡി സി ബി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/ 02.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) ഷോപ്പിംഗ് കോംപ്ലക്സ് വാടക ഈടാക്കുവാൻ അവശേഷിക്കുന്നു.

| | പേര് | പ്രതിമാസ വാടക | വാടക ഈടാക്കുവാൻ അവശേഷിക്കുന്ന മാസം |
|---|---|---|---|
| ഷോപ്പിംഗ് കോപ്ലക്സ്, മരുതമല | പാത്തുമ്മ ബീവി, പി.കെ.ഹൗസ്, പേരയം, മരുതമല | 973 + GST (18%) + Cess(1%) | 2020ജൂലായ് - 2021 മാർച്ച് |
| | സുനിൽകുമാർ, പി, ഗൗരി ഭവൻ, മരുതമല | 926 + GST (18%) + Cess(1%) | 2021 ഫെബ്രുവരി- 2021 മാർച്ച് |
| കാർഷിക വിജ്ഞാന വിപണന കേന്ദ്രം | ഉദയകുമാർ, വലിയവിളാകത്ത് വീട്, വിതുര | 1397 + GST (18%) + Cess(1%) | 2020 ഏപ്രിൽ- 2021 മാർച്ച് |
| | ഷാജിലാൽ, ഇശൽ, വിതുര (റൂം നമ്പർ- 2) | 840 + GST (18%) + Cess(1%) | 2020 ഏപ്രിൽ- 2021 മാർച്ച് |
| | ഷാജിലാൽ, ഇശൽ, വിതുര (റൂം നമ്പർ- 8) | 840 + GST (18%) + Cess (1%) | 2020 ഏപ്രിൽ- 2021 മാർച്ച് |
| | ഷാജിലാൽ, ഇശൽ, വിതുര (റൂം നമ്പർ- 9) | 840 + GST (18%) + Cess(1%) | 2020 ഏപ്രിൽ- 2021 മാർച്ച് |

മുൻവർഷ കടിശ്ശിക തുക ഉൾപ്പെടെ വാടക ഇനത്തിൽ 36426/- രൂപ ഈടാക്കുവാൻ അവശേഷിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/ 02.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-13 ലേലം- അപാകതകൾ

2020-21 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്നവയുടെ ലേലം നടത്തിയിട്ടില്ല.

1)മരുതാമല മക്കി വട്ടക്കുഴി ബണ്ട് വരമ്പിൽ നിൽക്കുന്ന 18 തെങ്ങുകളിൽ നിന്നുള്ള മേലാദായം എടുക്കുന്നതിനുള്ള അവകാശം.

2)കാർഷിക വിപണന കേന്ദ്രത്തിലെ 2, 8, 9 എന്നീ കടമുറികൾ ഷാജിലാൽ, ഇശൽ, വിതുര എന്നയാൾക്ക് ലേലം ചെയ്ത് നൽകിയതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത കടകൾ ലേല രജിസ്റ്ററിൽ ലേലം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

3)പബ്ലിക് ടോയ്ലെറ്റ് തുടർപരിപാലനം

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 21/ 03.03.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 ലൈബ്രറി വരവ്- രസീത് പരിശോധന അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തെ ലൈബ്രറി വരവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ലൈബ്രറി രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

2)2020-2021 സാമ്പത്തിക വർഷം ലൈബ്രറിയ്ക്ക് ലഭ്യമാക്കിയ രസീതുകളുടെ ക്രമ നമ്പർ 514ൽ ആണ് ആരംഭിക്കുന്നത്.

ഇപ്രകാരം പ്രിന്റ് ചെയ്ത ബുക്ക് നമ്പർ ഇല്ലാതെയും തുടർച്ചയായ രസീത് ക്രമ നമ്പർ ഇല്ലാതെയും രസീതുകൾ ലൈബ്രറി വരവ് പിരിക്കുന്നതിന് നൽകിയതിലെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/ 02.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 ക്വാട്ട് ചെയ്ത തുകയേക്കാൾ അധികം തുക വിതരണക്കാരന് നൽകിയിരിക്കുന്നു. 159766.85 രൂപയുടെ അധിക ചെലവ്

| | |
|---|---|
| നിർവഹണോദ്യോഗസ്ഥ | ICDS സൂപ്പർ വൈസർ |
| പദ്ധതി,നം | അങ്കണവാടികളിൽ ശിശു സൗഹൃദ ഫർണിച്ചർ (SO 70/ 21) |
| അടങ്കൽ തുക | 4,50,000 (വികസന ഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം |

| | |
|---|---|
| ചെലവ് തുക | 4,47,329(ബിൽ നം.- 2/20-21, 17-04-2020 |
| അംഗീകാരം,തീരുമാനം നം. | ICDS/VLND/VTRA/09/19-20<br>04/05/2019 (CDPO) |

2019-20 വർഷം അങ്കണവാടികളിൽ ശിശു സൗഹൃദ ഫർണിച്ചർ വാങ്ങൽ പദ്ധതി SO32/20 പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 450000/- രൂപ വകയിരുത്തി അങ്കണവാടികളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിലേക്കായി ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ 29-08-2019 ലെ ദർഘാസ് പരസ്യ പ്രകാരം 180 മേശയും 180 കസേരയുമായാണ് ടെൻഡർ ക്ഷണിച്ചിരുന്നത്. ഒരു മേശയും കസേരയും 2500/- എന്ന നിരക്കിൽ വകയിരുത്തിയ ആകെ തുക 450000/- രൂപയാണ്. ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് കോഴഞ്ചേരി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ 13-12-2019ന നടന്ന ഭരണ സമിതി യോഗത്തിലെ 2(6) ആം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും അടിയന്തിരമായി എഗ്രിമെന്റ് വെച്ച് സാധനങ്ങൾ സപ്ലൈ ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഒരു മേശയും കസേരയുമായി (Double Side Lamination Board/ GI Metal Frame, Size 28*14*24) പ്രസ്തുത സ്ഥാപനം ക്വോട്ട് ചെയ്ത തുക 2140/- രൂപയാണ്. ബെസ്റ്റ് ക്വാളിറ്റി ആണെങ്കിൽ 2289/- രൂപയ്ക്ക് സാധനം സപ്ലൈ ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. ഭരണ സമിതി അംഗീകരിച്ച തുക ഇതിൽ 2140/- രൂപ ആണെന്ന് നിർവഹണോദ്യോഗസ്ഥ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) 2020 മാർച്ച് മാസത്തിൽ ശിശു സൗഹൃദ ഫർണിച്ചർ പ്രസ്തുത സ്ഥാപനം അങ്കണവാടികളിൽ വിതരണം ചെയ്തതായി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമായ ഇൻവോയിസിൽ (Invoice No. TTL-5987/19-20 Dt.16-03-2020) ഏത് ദിവസമാണ് സാധനങ്ങൾ ലഭിച്ചതെന്ന് രേഖപ്പെടുത്തുകയോ ലഭ്യമായ സാധനങ്ങളുടെ എണ്ണം കൃത്യമാണെന്ന് ഉറപ്പ് വരുത്തിയതായി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 147 പ്രകാരം സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. പുതിയതല്ലാത്തതോ സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്തതോ കേടുപാടുകൾ സംഭവിച്ചതോ ആയ സാമഗ്രികൾ സ്വീകരിക്കേണ്ടതില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല.

2)180 വീതം മേശയും കസേരയുമായാണ് ടെൻഡർ ക്ഷണിച്ചിരുന്നത്. എന്നാൽ ആകെ 101 വീതം മേശയും കസേരയുമാണ് തമ്പുരാൻ കാലായിൽ എന്ന സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. മേശയും കസേരയും 20 അങ്കണവാടികളിലായി വിതരണം ചെയ്തിട്ടുമുണ്ട്. ഒരു മേശയും കസേരയുമായി പ്രസ്തുത സ്ഥാപനം ക്വോട്ട് ചെയ്ത തുക 2140/- രൂപയാണ്. എന്നാൽ ടി സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം (Invoice No. TTL -5987/19-20 Dt.16-03-2020) 101 വീതമുള്ള മേശയും കസേരയുമായി 3721.85 രൂപ വെച്ച് ആകെ 375906.85 (101x3721.85=375906.85) രൂപയാണ് ഈടാക്കിയിരുന്നത്. GST Flood Cess എന്നിവ ഉൾപ്പെടെ ആകെ 447329/- രൂപയാണ് ബിൽ നം.2/20-21, 17-04-2020 പ്രകാരം പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. മേശയും കസേരയുമായി 3721.85 രൂപ നിരക്കിൽ ഓരോ യൂണിറ്റിനും ടെൻഡർ തുകയിലും അധികമായി 1581.85 രൂപ നൽകിയിരിക്കുന്നു. ഇത്തരത്തിൽ ആകെ 159766.85 രൂപയുടെ അധിക ചെലവ് നടന്നിട്ടുണ്ട്. 2140/- രൂപയ്ക്ക് മേശയും കസേരയും നൽകാൻ ബാധ്യസ്ഥരായ സ്ഥാപനത്തിന് ക്വട്ടേഷൻ തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചത് ഓഡിറ്റ് എൻക്വയറി നമ്പർ 2 വഴി ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നിർവഹണോദ്യോഗസ്ഥ തമ്പുരാൻ കാലായിൽ എന്ന സ്ഥാപന മേധാവിയോട് ബന്ധപ്പെടുകയും അധികം നൽകിയ തുകയ്ക്ക് തുല്യമായി ക്വട്ടേഷനിൽ രേഖപ്പെടുത്തിയ ബാക്കി 79 മേശയും കസേരയും ഏപ്രിൽ മാസത്തിൽ വിതരണം ചെയ്യുന്നതാണെന്ന് സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും ഉറപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. മുഴുവൻ ഫർണിച്ചറും ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച സംഭവിക്കുന്ന പക്ഷം അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്നും 18% പിഴ ഉൾപ്പെടെ ഈടാക്കേണ്ടതാണ്. മേലിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കാൻ പ്രൊക്യൂയർമെന്റ് കമ്മിറ്റി അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

3)ലഭ്യമാക്കിയ 101 വീതമുള്ള മേശയുടെയും കസേരയുടെയും ഗുണമേന്മ പ്രൊക്യൂയർമെന്റ് കമ്മിറ്റി ഉറപ്പ് വരുത്തിയത് സംബന്ധിച്ചുള്ള രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. വാങ്ങൽ സംബന്ധിച്ചുള്ള പ്രൊക്യൂയർമെന്റ് കമ്മിറ്റി മിനിറ്റ്സ് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 2 വഴി ആവശ്യപ്പെട്ടിരുന്നു. ആയത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥ മറുപടി അറിയിച്ചെങ്കിലും പ്രസ്തുത രേഖ ഹാജരാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-16 തനത് സാമ്പത്തിക വർഷത്തെ 73716 രൂപയുടെ ചെലവ് പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ വന്നിട്ടില്ല്ല

2019 -20 സാമ്പത്തിക വർഷം ICDS സൂപ്പർ വൈസർ നിർവഹണം നടത്തിയ അങ്കണവാടികളിൽ ഫർണിച്ചർ വാങ്ങൽ പദ്ധതി (SO 46/ 20 ) പ്രകാരം അംഗനവാടികളിലേക്ക് ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട 73716/- രൂപ വിഷ്ണു സ്റ്റീൽ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് ട്രഷറി ബിൽ നം 1/ 2020-21 - 17-04-2020 വഴി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് ഗ്രാമ പഞ്ചായത്തിന്റെ 2020-21 ലെ ചെലവ് പത്രികയിൽ വന്നിട്ടില്ല. "2019-20 സാമ്പത്തിക വർഷം അങ്കണവാടികളിൽ ഫർണിച്ചർ വാങ്ങൽ പദ്ധതി SO046/20 ക്യൂ ബിൽ ആയി 2020 -21 ൽ ആണ് ചെലവായതെന്നും ടി പദ്ധതി പൂർത്തിയായതിന ശേഷം ബജറ്റ് തുകയുടെ വാലിഡേഷൻ ചെയ്യുന്നതിന് പദ്ധതിയുടെ ബാക്കി തുക ഭേദഗതിയ്ക്കായി വയ്ക്കുകയും മേലുദ്യോഗസ്ഥയുടെ അംഗീകാരത്തിനായി അയക്കുകയും ചെയ്തുവെന്നും അംഗീകാരം ലഭിക്കുന്നതിന് കാലതാമസം വന്നതിനാലാണ് ഈ തുക ഗ്രാമ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ വരാതിരുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 2 ന്റെ മറുപടി).

വെറ്റിങ് നടപടികൾ പൂർത്തിയാക്കാത്തതിനാലാണ് പ്രസ്തുത ചെലവ് ഗ്രാമ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ വരാതിരുന്നിട്ടുള്ളത്. ഓഡിറ്റ് പരാമർശത്തെ തുടർന്ന് പദ്ധതി വെറ്റിങ് നടപടി പൂർത്തിയാക്കുകയും പഞ്ചായത്തിന്റെയും നിർവഹണോദ്യോഗസ്ഥയുടെയും പദ്ധതി ചെലവിൽ തുക വരുകയും ചെയ്തിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ചെലവ് പത്രിക പൂർണവും കൃത്യവുമല്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഒരു സാമ്പത്തിക വർഷം നടത്തുന്ന ചെലവുകൾ എല്ലാം തന്നെ ചെലവ് പത്രികയിൽ ഉൾപെടുത്തേണ്ടതുണ്ട്. അതിനു വീഴ്ച സംഭവിച്ചിട്ടുള്ളത് ഗുരുതരമായ പിഴവാണ്. ഇത്തരം പിഴവുകൾ സംഭവിക്കാതിരിക്കാൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-17 സ്പെസിഫിക്കേഷൻ പ്രകാരമുള്ള സാധനങ്ങൾ വിതരണം ചെയ്തില്ല- 57780/- രൂപ അധികം നൽകി 847440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | VEO(വിതുര സർക്കിൾ) |
| പദ്ധതി,നം | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (ജനറൽ)- SO117/21 (53/19) |
| അടങ്കൽ തുക | 8,51,268 (വികസനഫണ്ട്-പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് തുക | 847440 (ബിൽ നം.- 12/20-21, 25-08-2020-237600,<br>ബിൽ നം.- 13/20-21 25-08-2020-237600,<br>ബിൽ നം.-14/20-21 25-08-2020-237600,<br>ബിൽ നം.- 15/20-21 25-08-2020-134640 |
| ഇൻവോയ്സ് നമ്പർ | TTL-1681/20-21, Dt.28-01-2020-Rs.237600<br>TTL-1300/20-21 Dt. 11-01-2020 – Rs.237600<br>TTL-2360/20-21 Dt. 02-08-2020-Rs.237600<br>TTL-2527/20-21 Dt.10-08-2020-Rs.134640 |

വയോജനങ്ങൾക്ക് കട്ടിൽ നൽകൽ (ജനറൽ)- SO117/21 (53/19) പദ്ധതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത പദ്ധതി പ്രകാരം ടെൻഡർ ക്ഷണിച്ചതിൽ തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ആണ് അംഗീകരിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനം സമർപ്പിച്ചിട്ടുള്ള ടെൻഡർ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

| Specification | Amount |
|---|---|
| Cot:1.98mX90X60X50cm, 8MM Plywood (Mahagony Wood) | 3240 |
| Cot:1.98mX90X60X50cm, 8 MM ISI Marked Plywood ,2"ചതുര കാല്,3Coat Primer (Mahagony Wood) | 3690 |
| Cot:1.98 MX90X60X50cm, 8 MM ISI Marked Plywood,2"ചതുരകാല്, 3Coatprimer,high Quality Polish (Mahagony Wood) | 3960 |

ഇതിൽ 3960/- രൂപയുള്ള കട്ടിൽ ആണ് വിതരണം ചെയ്യുന്നതിലേക്കായി 06-02-2020 ൽ നടന്ന ഭരണ സമിതി യോഗത്തിൽ അംഗീകരിച്ചിട്ടുള്ളത്. (3(2) ആം നമ്പർ തീരുമാനം). 214 കട്ടിലുകൾ പ്രസ്തുത സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലാണ് വിതരണക്കാരനിൽ നിന്നും ലഭ്യമായിട്ടുള്ളതെന്ന് നിർവഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. സാക്ഷ്യപത്രം സൂക്ഷിക്കാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11ന മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 207 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് കഴിഞ്ഞ് വിതുര ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിരുന്ന ബാക്കി 7 കട്ടിലുകൾ 02-03-2022 ൽ നടന്ന സ്ഥല പരിശോധനയിൽ നേരിട്ട് പരിശോധിക്കുകയുണ്ടായി. 3960/- രൂപയുള്ള കട്ടിലിൽ ചെയ്യേണ്ടിയിരുന്ന ഹൈ ക്വാളിറ്റി പോളിഷിംഗ് ഈ കട്ടിലുകളിൽ ഒന്നും തന്നെ ചെയ്തിട്ടില്ല എന്ന് പ്രഥമ ദൃഷ്ട്യാ ബോധ്യപ്പെട്ടിട്ടുണ്ട്. ഇതേ സ്ഥാപനം ക്വാട്ട് ചെയ്ത 3690/- രൂപയുടെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. (Cot:1.98mX90X60X50 Cm, 8 MM ISI Marked Plywood, 2" ചതുര കാല് ,3 Coat Primer (Mahagony Wood)). സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ തന്നെയാണ് കൈവശം സൂക്ഷിച്ചിരിക്കുന്നതെങ്കിൽ (Cot:1.98mX90X60X50 Cm, 8 MM ISI Marked Plywood ,2" ചതുര കാല് , 3 Coat Primer, High Quality Polish (Mahagony Wood)) ഒരു വിദഗ്ധന്റെ സഹായത്തോടെ ആയത് പരിശോധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കാൻ

ഓഡിറ്റ് എൻക്വയറി നമ്പർ 20 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് നിർവഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടില്ല. ആയതിനാൽ സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിലുകൾ അല്ല വിതരണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാകുന്നു.

847440/- രൂപയാണ് ആകെ ഈ സ്ഥാപനത്തിന് നൽകിയിട്ടുള്ളത് (3960x214). എന്നാൽ ലഭ്യമാക്കിയിട്ടുള്ള കട്ടിലിന്റെ സ്പെസിഫിക്കേഷൻ പ്രകാരം നൽകേണ്ടിയിരുന്ന തുക 789660/- രൂപയാണ് (3690x214). സ്ഥാപനം ലഭ്യമാക്കിയ കട്ടിലുകളുടെ സ്പെസിഫിക്കേഷൻ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കാത്തത് വഴി 57780/- രൂപ അധികം നൽകി.

2. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

3. ടെണ്ടർ സമർപ്പിച്ച് സാമ്പിൾ ഹാജരാക്കിയ സ്ഥാപനങ്ങളുടെ കട്ടിലുകളുടെ ഗുണനിലവാരം പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള വനം വകുപ്പിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

4. ലഭ്യമാക്കിയിട്ടുള്ള വിതരണ രജിസ്റ്ററിൽ 207 പേർക്കാണ് കട്ടിലുകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. ബാക്കിയുള്ള കട്ടിലുകൾ വിതരണം ചെയ്യാത്തതിന് കാരണം അറിയിക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 11 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടിയിട്ടില്ല

5. വിതരണ രജിസ്റ്ററിൽ 207 പേരുടെ പേരും വിലാസവും രേഖപെടുത്തിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട വ്യക്തിക്ക് എന്നാണ് കട്ടിൽ നൽകിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. ക്രമ നമ്പർ 142 മുതൽ 201 വരെയുള്ള ഗുണഭോക്താക്കൾ കട്ടിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വ്യക്തികൾക്ക് പദ്ധതി പ്രകാരമുള്ള കട്ടിൽ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 ന മറുപടി ലഭ്യമാക്കിയില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് നിലവിലെ വി.ഇ.ഒ "ഓഡിറ്റ് നിരീക്ഷണങ്ങളിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ സംബന്ധിച്ചുള്ള വിശദീകരണം നൽകുന്നതിനായി പദ്ധതി നിർവഹണം നടത്തിയ മുൻ വി.ഇ.ഓ ശ്രീ ഹരികുമാറിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൃത്യമായ മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ പദ്ധതിയ്ക്കായി ചെലവഴിച്ച 847440/- രൂപ തടസപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകളും മറുപടിയും ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്. തമ്പുരാൻ കാലായിൽ എന്ന സ്ഥാപനത്തിന് അധികം നൽകിയ തുകയായ 57780/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇത് നിർവഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി സർച്ചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 1-18 രേഖകൾ ലഭ്യമാക്കിയില്ല - 2136240/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 ൽ സോളാർ ലൈറ്റ്, മിനിമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട് .

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | ഫണ്ട്/അടങ്കൽ | ചെലവ് | ബിൽ നം./വൗച്ചർനം.& തിയതി | നിർവ്വഹണ ഏജൻസി |
|---|---|---|---|---|---|
| 1. | 378/21, കരിമാൻകുന്ന് വേട്ടയ്ക്കൊരുമകൻ ക്ഷേത്രനടയിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | തനത് ഫണ്ട് 50000/- | 46000/- | 2200833/17.11.20 | Mirano Techno Martix |
| 2. | 310/21, തേവിയോട് വാർഡിലെ മൂന്നാം നമ്പർ, ചിറ്റാർ, ട്രാൻസ്ഫോർമർ ജംഗ്ഷൻ എന്നിവിടങ്ങളിൽ സോളാർ ലൈറ്റ് സ്ഥാപാക്കിൽ | വികസനഫണ്ട് (CFC) 150000/- | 120000/- | I. 17 (ബിൽ ബുക്ക് പേജ് നം.03)/ 17.08.2020<br>Ii. 45/17.11.2020<br>Iii. 46/17.11.2020 | Kalloor Electricals, Mundakkayam |
| 3. | 147/21, തേവിയോട് വാർഡിലെ ആനപ്പാറ HS-ന് സമീപം സോളാർ ലൈറ്റ് സ്ഥാപിക്കൽ | വികസനഫണ്ട് (CFC) 100000/- | 92624/- | 32/13.11.2020 | ARTCO |
| 4. | 156/21, ചെറ്റച്ചൽ വാർഡിലെ കരിമാൻകുന്ന് നാല് മുക്ക് ഭാഗത്ത് സോളാർ ലൈറ്റ് സ്ഥാപിക്കൽ | വികസനഫണ്ട് (TSP) 50000/- | 46950/- | 17/(ബിൽ ബുക്ക് പേജ് നം.4)/ 13.10.2020 | ARTCO |

| | | | | | |
|---|---|---|---|---|---|
| 5. | 278/2020, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (പേപ്പാറ വാർഡ്) | വികസനഫണ്ട് (CFC) 223000 | 223000 | 29/13.11.2020 | Ovion Energy Engineering Ltd, Kannur. |
| 6. | 307/2021, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (വാർഡ് - 11) | വികസനഫണ്ട് (CFC) 150000/- | 75000 | 42/13.11.2020 | Ovion Energy Engineering Ltd, Kannur. |
| 7. | SO 304/2021, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (മരുതാമല വാർഡ്) | വികസനഫണ്ട് (CFC) 740000/- | 517666/- | 12/(പേജ് ബിൽ ബുക്ക് പേജ് നം.02)/ 16.06.2020 | Mirano Technomatics Ltd. |
| 8. | SO 306/2021, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (ചെറ്റച്ചൽ HS-ന സമീപം വാർഡ് - 1) | വികസനഫണ്ട് (SCP) 200000/- | 75500/- | 40/ 13.11.2020 | Ovonic EE Ltd. |
| 9. | 305/2021, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ ചെറ്റച്ചൽ | വികസനഫണ്ട് (CFC) 400000/- | 159000/- | 41/ 13.11.2020 | Ovonic EE Ltd. |
| 10. | 99/2021, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (കല്ലാർ വാർഡ്) | വികസനഫണ്ട് (CFC) 334500/- | 334500/- | 37/ 13.11.2020 | Ovonic EE Ltd. |
| 11. | 98/2021, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (തള്ളച്ചിറ വാർഡ്) | വികസനഫണ്ട് (CFC) 334500/- | 334500/- | 38/ 13.11.2020 | Ovonic EE Ltd. |
| 12. | SO 34/2021, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (മണലി വാർഡ്) | വികസനഫണ്ട് (CFC) 112500/- | 111500/- | 30/ 13.11.2020 | Ovonic EE Ltd. |
| | | ആകെ | 2136240/- | | |

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ പരിശോധനയ്ക്കായി ലഭ്യമാക്കിയ ഫയലിൽ വിശദമായ എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ, ലൊക്കേഷൻ മാപ്പ്, Installation Report, പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രം, 156/21, 306/2021 എന്നീ പ്രോജക്ടുകളുടെ ഫീസബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 08/02.03.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽസാഹചര്യത്തിൽ പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നത് വരെ 2136240/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ- രേഖകൾ ലഭ്യമാക്കിയില്ല - 5963460/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2020-21 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | ഫണ്ട്/ അടങ്കൽ | ചെലവ് | ബിൽ നം./ വൗച്ചർനം.& തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ/ നിർവ്വഹണ ഏജൻസി | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|---|
| 1 | SO 286/21 കടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ, | വികസന ഫണ്ട് ,എസ്.സി.പി.- 100000 | 300000 | 25/6.11.20<br>26/6.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ |

| | | | | | | |
|---|---|---|---|---|---|---|
| | പൊന്നാംചുണ്ട് ഇറച്ചിപ്പാറ, എസ്.സി. കോളനി | സി.എഫ്.സി-200000<br>ആകെ-300000 | | | | സാക്ഷ്യ പത്രം , ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് |
| 2 | SO 300/12<br>ചെറ്റച്ചൽ വാർഡിൽ ചെറ്റച്ചൽ ഹൈസ്കൂളിന സമീപമുള്ള എസ്.സി. കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട്,<br>എസ്.സി.പി-297554<br>സി.എഫ്.സി-2446<br>ആകെ-300000 | 300000 | 23/6.11.20<br>24/6.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം , ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് |
| 3 | SO 361/21<br>ചെറ്റച്ചൽ പേഴുംമൂട് കൊന്നമൂട് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി-13500 | 13035 | 65/12.02.2021 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 4 | SO 362/21<br>ഈഞ്ചപ്പുരി കോട്ടിയത്തറ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി-380000 | 345000 | 49/17.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 5 | SO 365/21<br>ശാസ്താംകാവ് നൂറേക്കർ ലക്ഷംവീട് കോളനിയിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി-200000 | 166000 | 47/17.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 6 | SO 366/21<br>ഗണപതിയാംകോട് വാർഡിലെ ശാസ്താംകാവ്-കൈതക്കുഴി-ചായം ഇട്ടറോഡ് മേലേകൊപ്പം മന്നംപള്ളി ഇടറോഡ് ശാസ്താംകാവ് മല്ലൻ തമ്പുരാൻ ക്ഷേത്രനട ഇടറോഡ് ശാസ്താംകാവ്-പന്നിക്കോണം ഇടറോഡ് എന്നിവിടങ്ങളിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി - 359000 | 359000 | (1)44/17.11.20<br>3,38,000/-<br>2. 68/12.02.21<br>21,000/- | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 7 | SO 367/21<br>വട്ടക്കുഴി കളീക്കൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി.-300000 | 267000 | 52/17.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 8 | SO 374/21<br>ചെറ്റച്ചൽ-നവോദയ കാലൻകാവ് റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി - 855000 | 855000/- | 33/13.11.20<br>8,00,000/-<br>66/12.02.21<br>55,000/- | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 9 | SO 375/21<br>കോട്ടിയത്തറ കരിമ്പനടി കുടിവെള്ള പദ്ധതി കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി.362337 | 262000 | 51/17.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 10 | SO 377/21<br>ശാന്തിനഗർമൂഴി പൈപ്പ്ലൈൻ നീട്ടൽ | വികസന ഫണ്ട്,<br>സി.എഫ്.സി.280000<br>(ചെലവ് പത്രികയിൽ അടങ്കൽ തുക 195000 എന്നാണ് രേഖപ്പെടുത്തി യിട്ടുള്ളത് | 129000 | 36/13.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 11 | SO 380/21<br>മണിളുക്കി വാർഡിൽ മാതളത്തു മിച്ചഭൂമി പേപ്പാറ തടം ഇടത്തറ റോഡ് ലൈൻ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി. - 420000 | 147300 | 21/30.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 12 | SO 381/21<br>മേമല വാർഡിൽ ഓരുവച്ച കരിക്കകം റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | വികസന ഫണ്ട്,<br>സി.എഫ്.സി-330000 | 223000 | 39/13.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 13 | SO 382/21<br>പറങ്കിമാംതോട്ടം റോഡിൽ | വികസന ഫണ്ട്,<br>സി.എഫ്.സി- | 388000 | 35/13.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , |

| | | | | | | |
|---|---|---|---|---|---|---|
| | കടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 419000 | | | | പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 14 | SO 383/21<br>ചേന്നൻപാറ വാർഡിൽ കാവുമൂല വടക്കേവിള വരെയും ചാരുപാറ കിഴക്കികരൻ വരെയും കടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി-330000 | 300000 | 48/17.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 15 | SO 384/21<br>തേവിയോട് വാർഡിലെ കണ്ടയം മാതളം റോഡിലെ പൈപ്പ്ലൈൻ സ്ഥാപിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി-109000 | 109000 | 43/17.11.20<br>100000<br>67/12.2.21<br>9000 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 16 | SO 387/21<br>മരുതാമല അവാർഡ് ഗ്രാമം കടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | വികസന ഫണ്ട്,<br>സി.എഫ്.സി-300000 | 267000 | 50/17.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 17 | SO 389/21<br>മരുതാമല വാർഡിലെ അടിപറമ്പ് കപ്പറോഡ് മുതൽ വട്ടക്കുഴി മക്കി ജംഗ്ഷൻ വരെ കടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | വികസന ഫണ്ട്,<br>സി.എഫ്.സി-300000 | 171800 | 34/13.11.20 | KWA | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 18 | SO 036/21<br>മുളയ്ക്കാട്ടുകര എസ്.സി. കോളനിയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | വികസന ഫണ്ട്,<br>സി.എഫ്.സി-200000 | 200000 | 27/06.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 19 | SO 151/21<br>മണിളുക്കി വാർഡിലെ മാതളത്ത് മിച്ചഭൂമിയിലേയ്ക്കും ഇടത്തറ റോഡിൽ നിന്നും പുത്തൻപുറമ്പോക്കിലേയ്ക്കും കടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | വികസന ഫണ്ട്,<br>സി.എഫ്.സി-150000 | 143600 | 31/13.11.20 | കേരള വാട്ടർ അതോറിറ്റി | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 20 | 395/21,ജലജീവൻ മിഷൻ-ഗാർഹികകടിവെള്ള കണക്ഷൻ നൽകൽ | തനത്ഫണ്ട്, 500000/- | 500000 | 2200817/19.11.20 | KWA | വിനിയോഗ സാക്ഷ്യപത്രം, പ്രവൃത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| 21 | ഐ.കെ.എം.-ന് വിഹിതം നൽകൽ<br>( 2/21 ) | വികസന ഫണ്ട് സാധാരണ വിഹിതം/ 239714 | 239714 | 05/12.5.20 | ഐ.കെ.എം.-ന് നൽകി | വിനിയോഗ സാക്ഷ്യപത്രം, |
| 22 | 214/21,മെഡിക്കൽ കോളേജ് മാലിന്യസംസ്കരണം | വികസന ഫണ്ട്(CFC)/100000 | 100000 | 61/23.01.21 | ജില്ലാകോർഡിനേറ്റർ ,ശുചിത്വമിഷൻ,TVPM | വിനിയോഗ സാക്ഷ്യപത്രം, |
| 23 | SO308/21-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | തനത് ഫണ്ട്-155963/- | *<br>155963+22048 =178011 | 22000341/23.07.2020<br>22000582/19.08/2020<br>22000742/29.10.20<br>22000815/9.11.20 | കെ.എസ്.ഇ.ബി, | വിനിയോഗ സാക്ഷ്യപത്രം, കരാർ , പ്രവർത്തിപൂർത്തീകരണ സാക്ഷ്യ പത്രം |
| | | ആകെ | 5963460/- | | | |

*SO308/21 നമ്പർ പദ്ധതിയുടെ അടങ്കൽ തുകയെക്കാൾ 22048/- രൂപ അധികം ചെലവ് ചെയ്തിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ തീയതി 29-1-2018 ലെ ഖണ്ഡിക11.2(ഡി) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടതിനശേഷം മാത്രമേ മുൻകൂർ അനവദിക്കാവൂ എന്ന് സൂചിപ്പിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 178011/- രൂപ KSEBയ്ക്കും, 4590735/- രൂപ KWA യ്ക്കും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക അനവദിച്ചപ്പോൾ അത്തരത്തിൽ എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച വിവരവും ധനവിനിയോഗ രേഖകളും നാളിതുവരെ ലഭിച്ചില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.19/02.03.22,34/03.03.22, 30/03/2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശ പ്രകാരമുള്ള രേഖകൾ ലഭ്യമാക്കുന്നത് വരെ 5963460/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ/പരിപാലനം - അപാകതകൾ

20-21ൽ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലിനും പരിപാലനത്തിനുമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പേര് | ഫണ്ടിനം /അടങ്കൽ | ചെലവ്,ബിൽ നം/തീയതി |
|---|---|---|---|---|
| 1. | 58/21 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | വികസനഫണ്ട്(CFC), 298172/- | 64313/- 06/14.05.20 |
| 2 | 157/21 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ | വികസനഫണ്ട്(CFC), 200000/- | 164907/- 55/17.12.20 56/17.12.20 77/29.03.21 |
| 3 | 162/21 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | വികസനഫണ്ട്(CFC), 935500/- | 935500/- 08/27.05.20, 14/29.06.20 10/19.08.20 |

തെരുവു വിളക്ക് പരിപാലനത്തിനായി വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിലും വിതരണം ചെയ്തതിലും താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

എ)സ്റ്റോക്ക്/വിതരണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തുകയോ സാക്ഷ്യപ്പെടുത്തൽ വരുത്തുകയോ കൈപ്പറ്റിയ ആളിന്റെ വിശദാംശം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ബി)പഞ്ചായത്ത് ഡയറക്ടറുടെ ജി2-44274/15 തീയതി 17.8.2015ലെ ഉത്തരവ് പ്രകാരം തെരുവു വിളക്ക് സംബന്ധിച്ച ഒരു കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. അത്തരത്തിലൊരു രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സി)പഞ്ചായത്ത് ഇലക്ട്രീഷ്യൻമാരുമായി വച്ചിട്ടുള്ള കരാർ പ്രകാരം തെരുവു വിളക്കുകളെ സംബന്ധിച്ച പരിപൂർണ വിവരം വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്ററാക്കി സൂക്ഷിക്കേണ്ടതാണ്. മെയിന്റനൻസ് സംബന്ധിച്ച രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെ പൂർണ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർപരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ഡി)പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിൽ രജിസ്റ്റർ ഓഫ് അൺസർവീസബിൾ ഐറ്റംസ് തയ്യാറാക്കേണ്ടതും സാമ്പത്തികവർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും റീകൺസിൽ ചെയ്യേണ്ടതുമാണ്. ആയതു സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ പൊതുവായ സ്റ്റോക്ക് രജിസ്റ്ററാണ് പരിശോധനയ്ക്കായി നൽകിയത്.
വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാര സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇ) എ1 ഏജൻസീസ്, KAICO എന്നീ ഏജൻസികളിൽ നിന്നും വാങ്ങിയ തെരുവു വിളക്ക് ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 29/03.03.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും, തുടർന്നുള്ള വർഷങ്ങളിൽ അപാകത ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-21 പഠനമുറി നിർമ്മാണം -രേഖകൾ ഹാജരാക്കിയില്ല-50000 രൂപയുടെ ചെലവ് തടസ്സം

| | |
|---|---|
| പ്രോജക്ട് നം. | SO218/21, പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി (എസ്.സി) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |
| അടങ്കൽ-വികസന ഫണ്ട്-(എസ്.സി.പി) | 1000000/- |
| ചെലവ് | 1) 29/18.01.21, രൂ.50000/-<br>2) 32/23.01.21, രൂ.50000/-<br>3) 35/08.02.21, രൂ.75000/-<br>4) 37/16.02.21, രൂ.50000/-<br>5) 39/23.02.21, രൂ.75000/-<br>6) 40/24.02.21, രൂ.50000/-<br>7) 46/12.03.21, രൂ.75000/-<br>8) 47/13.03.21, രൂ.75000/-<br>9) 50/31.03.21, രൂ.50000/-<br>10) 52/31.03.21, രൂ.50000/-<br>ആകെ -600000/- |

പ്രോജക്ട് പ്രകാരം പഠന മുറി നിർമാണത്തിനായി ആദിത്യ.എസ് എന്ന വിദ്യാർത്ഥിയുടെ പിതാവായ ശ്രീ.സജികുമാർ.എസിന്റെ അക്കൗണ്ടിലേക്ക് ട്രഷറി ബിൽ നം 50/31.03.21പ്രകാരം 50000/-രൂപ നല്കിയിട്ടുണ്ട്. സ.ഉ (കൈ) നം. 22/18/തസ്വഭവ തീ. 14.02.18 ഖണ്ഡിക 07.02.17 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് പഠനമുറി നിർമ്മാണം ആരംഭിച്ചതിന്റെയോ, പൂർത്തീകരിച്ചതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ വ്യവസ്ഥകൾ പാലിച്ച് പഠനമുറി നിർമ്മാണം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 50000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പണി പൂർത്തിയാക്കി വാല്യുവേഷൻ നടത്തിയത് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ആസ്തിപരിപാലനത്തിൽ അപാകത

1. 13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി

വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നിന്ന് ലഭ്യമായ ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരവും റോഡ് കണക്ടിവിറ്റി മാപ്പുമാണ് ഉൾപ്പെട്ടിട്ടുള്ളത്. മറ്റ് ആസ്തികളുടെ വിവരങ്ങൾ കൂടി രേഖപ്പെടുത്തി തയ്യാറാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

2. ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിനായി ഐ.കെ.എം വികസിപ്പിച്ച സചിത്ര സോഫ്റ്റ്‌വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്ന് സർക്കുലർ നമ്പർ തസ്വഭവ-ഐ.ബി-1/141/2017/തസ്വഭവ തിയതി 23-08-2017 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്തതിന്റെ രേഖകൾ ലഭ്യമായില്ല.

3. 20.01.2017 ലെ ജി.ഒ (ആർ. ടി) നം. 166/2017/ എൽ.എസ്.ജി.ഡി ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി,ഡി അസി.എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്തിൽ അത്തരത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടില്ല

മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 30 പ്രകാരം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമായില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആസ്തി പരിപാലനത്തിനായി സർക്കാർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് ധനകാര്യസ്റ്റാറ്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലുമുള്ള അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ഉള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ഏർപ്പെടുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.

2) കരാർ രജിസ്റ്ററിൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതായ തീയതി (Agreed Date Of Completion)രേഖപ്പെടുത്തുന്നില്ല.

3) 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ) ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ അഭിപ്രായക്കുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തികളിൽ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4) TS സ്ലിപ്പ് ഫയലിൽ വച്ചിട്ടില്ല

5) എസ്റ്റിമേറ്റിൽ സൈറ്റ് ബോർഡിന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സൈറ്റ് ബോർഡ് പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കുന്നില്ല.

6) 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന് മറുപടി ലഭിച്ചില്ല. മേൽ രേഖപ്പെടുത്തിയ അപാകതകൾ ഒഴിവാക്കുന്നതിന് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും സത്വര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-24 സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിക്കുന്നില്ല

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/ത.സ്വ.ഭ.വ ഖണ്ഡിക 11.3 Xii (ഇ)യിലും 29-3-2017 ലെ 72/2017/തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷം തന്നെ പൂർത്തീകരിയ്ക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സ്പിൽ ഓവറായി തുടരേണ്ടുന്ന പദ്ധതികളെക്കുറിച്ച് തീരുമാനം എടുക്കുകയും അതിനെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി മാറ്റേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്പിൽ ഓവർ പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 171/21 | ഉമ്പൂർമൂഴി സ്ഥാപിക്കൽ | 1350000/-<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 2 | 179/21 | ആനപ്പാറ സ്കൂളിൽ ഉമ്പൂർമൂഴി സ്ഥാപിക്കൽ | 260000/-<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 3 | 180/21 | ചെറ്റച്ചൽ സ്കൂളിൽ ഉമ്പൂർമൂഴി സ്ഥാപിക്കൽ | 260000/-<br>(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 4 | 184/21 | കാർഷിക വിപണന കേന്ദ്രത്തിൽ സ്റ്റോർ നിർമ്മാണം | 49000/-<br>(തനത് ഫണ്ട്) |
| 5 | 322/21 | പറങ്കിമാം തോട്ടം ഇടവഴിയിൽ സൈഡ് വാൾ നിർമ്മാണം | 330000/-(മെ.ഫ.റോഡ്) |
| 6 | 328/21 | ജനസേവന കേന്ദ്രത്തിൽ ഇലക്ട്രിഫിക്കേഷൻ | 50000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| 7 | 326/21 | തേവിയോട് ജംഗ്ഷനിൽ വെയിറ്റിംഗ് ഷെഡ് നിർമ്മാണം | 300000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| 8 | 345/21 | മാതളത്ത് കുന്നുംപുറം റോഡ് കോൺക്രീറ്റിംഗ് | 200000/-<br>(190000/-തനത് ഫണ്ട്, 10000/- ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| 9 | 347/21 | ISOയുടെ ഭാഗമായ പഞ്ചായത്ത് ഓഫീസ് റെക്കാർഡ് റൂം വിപുലീകരണം | 150000/-(തനത് ഫണ്ട്) |
| 10 | 349/21 | പഞ്ചായത്ത് ഓഫീസ് കവാട നിർമ്മാണം | 200000/-<br>(152510 തനത് ഫണ്ട്, 47490 -വി.ഫ.ജനറൽ) |

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4ന് മറുപടി ലഭിച്ചില്ല

## 1-25 പ്രവൃത്തി ആരംഭിക്കുന്നതിന മുമ്പായി പ്രോജക്ക് റിവൈസ് ചെയ്തു

കേരള PWD മാന്വൽ സെക്ഷൻ 1601.1.4 പ്രകാരം Detailed Estimate തയ്യാറാക്കി സാങ്കേതിക അനുമതി നേടിയ ശേഷം പ്രവൃത്തി ആരംഭിക്കുന്നതിന മുമ്പായി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മാറ്റം വരികയാണെങ്കിൽ റീകാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് പ്രോജക്ക് റിവൈസ് ചെയ്തിരിക്കുന്നു.

| പ്രോജക്ക് നം. | കരാറുകാരന്റെ പേര് | കരാർ തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പ്രോജക്ക് റിവൈസ് ചെയ്ത കമ്മറ്റി തീരുമാനം |
|---|---|---|---|---|
| 84/20(കല്ലുപറമ്പിൽ NR നായുഡു റോഡിൽ പാർശ്വഭിത്തിയും ഓടനിർമ്മാണവും | എൻ.ജയകുമാർ | 29.11.19 | 13.01.20 (13.01.19 ആയി എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു) | 9.01.20 |
| 86/20(സ്റ്റഫ് ക്ലബ് മുതൽ സ്കൂൾ നട റോഡിൽ ഓട സൈഡ് വാൾ കലുങ്ക് നിർമ്മാണം) | എൻ.ജയകുമാർ | 19.01.20 | 20.01.20 | 9.01.20 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3 ന് മറുപടി ലഭിച്ചില്ല. പദ്ധതി ആരംഭിക്കുന്നതിന മുമ്പേ മാറ്റങ്ങൾ വരുത്തുന്നതിനായി പ്രസ്തുത പ്രോജക്ക് ക്യാൻസൽ ചെയ്ത് റീകാസ്റ്റ് എസ്റ്റിമേറ്റാണ് തയ്യാറാക്കേണ്ടത്. പ്രസ്തുത അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166 പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 04.02.2011 ലെ സ.ഉ(എം.എസ്) 31/2011/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര

പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(കൈ.)നം.11/2018 /ത.സ്വ.ഭ.വ, 29.01.18 -ലെ ഖണ്ഡിക 7.13(1) പ്രകാരം, ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ളാൻ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും (ഓഡിറ്റ് എൻക്വയറി നം. 12) ആയത് ലഭ്യമായില്ല. ആയതിനാൽ പശ്ചാത്തലമേഖലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ മൂലം പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും റോഡ് കണക്ടിവിറ്റി ഭൂപടം, റോഡ് കണക്ടിവിറ്റി പദ്ധതി എന്നിവ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തു

കേരള പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 1601.1.6 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ പാടുള്ളതല്ല. എന്നാൽ എ.ഇ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളിൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

| പ്രോജക്ട് നം /പേര് | കരാർ നം/ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രോജക്ട് റിവൈസ് ചെയ്ത കമ്മിറ്റി തീരുമാന തീയതി |
|---|---|---|---|
| 175/21<br>മരുതാമല അംഗണവാടി മെയിന്റനൻസ് | 74/AE/LSGD /VTRA/19-20 Dt.30.01.20 | 29/06/20 | 1(24) Dt.16.07.20 |
| 177/21<br>ചായം ഗവ.എൽ,പിഎസ് മെയിന്റനൻസ് | 44/AE/LSGD /VTRA/19-20 Dt.28.11.20 | 16/04/20 | 1(24) Dt.16.07.20 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12ന് മറുപടി ലഭിച്ചില്ല. പ്രവൃത്തി നിർവ്വഹണത്തിൽ PWD മാന്വലിൽ നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് ഫൈൻ ഈടാക്കിയിട്ടില്ല

പൊതുമരാമത്ത് വകുപ്പ് മാന്വൽ-2012 സെക്ഷൻ 2112, 18.8.2018 ലെ A.C2/223/15 തസ്വഭവ നം സർക്കുലർ എന്നിവ പ്രകാരം, കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ കാലാവധി തീരുന്നതിന് മുമ്പ് ദീർഘീകരണത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രേസ് പീരിയഡ് അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവ് മൂലം ദീർഘീകരണം ആവശ്യമായ ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും ഭരണസമിതിയുടെ അനുമതി വാങ്ങി PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലയളവിന്റെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലയളവ് ദീർഘിപ്പിക്കേണ്ടി വരുന്ന പക്ഷം PAC യുടെ 2% ഫൈൻ ഈടാക്കി പൂർത്തീകരണ കാലയളവിന്റെ 25% കൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇപ്രകാരം വർദ്ധിപ്പിച്ചു നൽകാവുന്ന പരമാവധി കാലയളവ് പൂർത്തീകരണ കാലയളവിന്റെ 50 ശതമാനമോ , 6 മാസമോ ഏതാണോ കുറവ് ആയത് കാലയളവ് ആയിരിക്കുന്നതാണ്. മേൽ വ്യവസ്ഥകൾ പാലിക്കാതെയും, കരാറുകാരൻ പൂർത്തീകരണ കാലയളവ് ദീർഘിപ്പിക്കാൻ ആവശ്യപ്പെടുകയോ ഭരണസമിതി തീരുമാനം എടുക്കുകയോ ചെയ്യാതെയും ഫൈൻ ഈടാക്കാതെയും കരാറുകാരന് ബിൽ തുക നൽകി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കരാറുകാരൻ | പി.എ.സി., പ്രവൃത്തി കാലയളവ് | കരാർ തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 143/21<br>മേമല കന്നംപുറം റോഡ് സൈഡ് വാൾ നിർമ്മാണം | ശെൽവരാജ്.ജെ | 795417/- 5 മാസം | 29.7.20 | 26.03.21 | 28.12.20 | 23862/- |
| 324/21<br>കലുങ്ക് ജംഗ്ഷൻ ഇറയൻകോട് റോഡിൽ | എൻ. ജയകമാർ | 363599/- 4മാസം | 5.10.19 | 26.08.20 | 04.02.20 | 10908/- |

| | | | | | | |
|---|---|---|---|---|---|---|
| ഓടനിർമ്മാണവും നവീകരണവും | | | | | | |
| 329/21<br>കോട്ടിയത്തറ ഇറച്ചപ്പാറ റോഡ് സൈഡ്വാൾ നിർമ്മാണവും കോൺക്രീറ്റിംഗ് | എൻ. ജയകുമാർ | 219802/-<br>5 മാസം | 5.10.19 | 30.09.20 | 5.03.20 | 6594/- |
| 4417/- രൂപ മാത്രമാണ് പിഴയായി ഈടാക്കിയിട്ടുള്ളത് | | | | | | |
| 169/20 കളിയ്ക്കൽ റോഡ് നടപ്പാത നിർമ്മാണവും കോൺക്രീറ്റിംഗ് | ഹരിലാൽ .എൻ.എസ് | 215156<br>4 മാസം | 5.10.19 | 10.06.20 | 5.02.20 | 6455/- |
| 168/20<br>മേമല കുന്നംപുറം റോഡ് കോൺക്രീറ്റിംഗ് | ഹരിലാൽ .എൻ.എസ് | 296747<br>4 മാസം | 5.10.19 | 10.06.20 | 5.02.20 | 8902/- |

*പൂർത്തീകരണ കാലയളവിൽ 25% ദീർഘിപ്പിക്കുന്നതിന് ആദ്യത്തെ 10% പിഴ, തുടർന്ന് ദീർഘിപ്പിക്കുന്നതിന് 2% പിഴ എന്ന രീതിയിലാണ് പിഴ കണക്കാക്കിയിട്ടുള്ളത്.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6 ന് മറുപടി ലഭിച്ചില്ല. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 കരാർ ചമയ്ക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയില്ല

പൊതുമരാമത്ത് മാന്വൽ, സെക്ഷൻ 2009.06 പ്രകാരം ടെൻഡർ സ്വീകരിച്ച ശേഷം 7 ദിവസത്തിനകം ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ് പോസ്റ്റ് /ക്വറിയർ /ഇമെയിൽ ആയി കരാറുകാരന് നൽകേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വെച്ചിട്ടില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി കരാർ ഉടമ്പടി വയ്ക്കേണ്ടതുമാണ്. 14 ദിവസവും പിഴയോടു കൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വച്ചിട്ടില്ലെങ്കിൽ കരാർ റദ്ദാക്കേണ്ടതും നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരക്കേണ്ടതുമാണ്. താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തിക്ക് കരാർ ചമയ്ക്കാൻ കാലതാമസം നേരിട്ടിട്ടും മേൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

| പ്രവൃത്തി വിവരം | കരാർ തുക (₹) | ഈടാക്കേണ്ടിയിരുന്ന പിഴ (₹) |
|---|---|---|
| പ്രവൃത്തി- മേമല കുന്നംപുറം റോഡ് സൈഡ് വാൾ നിർമ്മാണം(143/21)<br>കരാറുകാരൻ- ശ്രീ. ശെൽവരാജ്.ജെ<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി, 6/7/20<br>പിഴയോട് കൂടി കരാർ വയ്ക്കേണ്ട അവസാന തീയതി, 16/7/20<br>കരാർവച്ച തീയതി - 29/7/20 | 795417/- | 7954/- |

നിയമാനുസൃതമല്ലാതെയും പിഴ ഈടാക്കാതെയും ആണ് കരാർ വച്ചിട്ടുള്ളത്. ആയതിന് വിശദീകരണം ആവശ്യപ്പട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് 12ന് മറുപടി ലഭിച്ചില്ല. ക്രമപ്രകാരമല്ലാതെയാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-30 ചായം LPS-ലെ നിർമ്മിതികളിലെ പാളിച്ചകൾ പരിഹരിക്കേണ്ടതാണ്.

| | | |
|---|---|---|
| | പ്രോജക്റ്റ് നം | 256/21 |
| (എ) | അടങ്കൽ തുക | 1000000 (മെയിന്റനൻസ് ഫണ്ട്) |
| | ചെലവ് തുക | 797466 |
| | ബിൽ നം.തീ. | 112/20-21 തീ.31.3.21 |

| | | |
|---|---|---|
| | എം ബുക്ക് നം. | 723/20-21 |
| ബി | പ്രോജക്റ്റ് നം | 177/21 |
| | അടങ്കൽ തുക | 300000 (മെയിന്റനൻസ് ഫണ്ട്) |
| | ചെലവ് തുക | 260939 |
| | ബിൽ നം.തീ. | 17/20-21 തീ.23.04.20 തുക - 226763/-<br>51/20-21തീ25.08.20 തുക - 34176- |
| | എം ബുക്ക് നം. | 312/19-20 |
| | കരാറുകാരൻ | മോഹനൻ.ഡി.പി |

ചായം LPS മെയിന്റനൻസിനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതികളിലെ ചില പ്രവൃത്തിയിനങ്ങൾ നടപ്പിലാക്കിയത് അപകടകരമായ നിലയിലാണ്. 177/21 നമ്പർ പ്രവൃത്തിയിലെ 7-ാം ഇനമായി സ്റ്റെയർകേസ് നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്റ്റെയർകേസ് കുത്തനെ നിർമ്മിച്ചിരിക്കുന്നതിനാൽ കുട്ടികൾക്ക് ഇറങ്ങുന്നതിന് പ്രയാസം അനുഭവപ്പെടുന്നതും അപകടസാദ്ധ്യത ഉള്ളതായും ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ റീഡിംഗ് റൂമായി ഉപയോഗിക്കാനിരുന്ന കെട്ടിടത്തിന്റെ ഷീറ്റ് കൊണ്ടുള്ള മേൽക്കൂരയോടു കൂടിയ മുറി നിലവിൽ ഉപയോഗിക്കുന്നില്ല.

പ്രോജക്റ്റ് നമ്പർ പദ്ധതി പ്രകാരം ചായം LPSലെ നിലവിലുള്ള ഓടിട്ട കെട്ടിടത്തിന്റെ മേൽക്കൂര ഷീറ്റ് ഇടുന്നതിനിനായി നടപ്പിലാക്കിയ പദ്ധതിയുടെ എം ബുക്ക് പ്രകാരം റൂഫിഗ് ഷീറ്റ് ഇടുന്നതിനായുള്ള Steel Trusswork (Item No.3(50.10.1),item No.4(50.10.2),item No.5(15.14.1) എന്നിവ ചെയ്തിട്ടില്ല. ജി.ഐ റൂഫിംഗ് ഷീറ്റ് നിലവിലുള്ള വുഡൻ ഫ്രേം വർക്കിലാണ് ഘടിപ്പിച്ചിട്ടുള്ളത്. ഷീറ്റ് തടിയിൽ ഘടിപ്പിക്കുന്നതിനായി ഉപയോഗിച്ച ആണി അപകടമാം വിധം പുറത്തേക്ക് തള്ളി നിൽക്കുന്നു. ആയത് സ്ഥല പരിശോധനയിൽ കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 32 ന് മറുപടി ലഭിച്ചില്ല. അപകടത്തിന് കാരണമാകാവുന്ന നിർമ്മിതികളുടെ പാളിച്ചകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

2020-21ൽ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം നടത്തുന്നതിനായി ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന മൂന്ന് പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പേര് | ഫണ്ടിനം/അടങ്കൽ തുക | ചെലവ് തുക, ബിൽ നം/തീയതി |
|---|---|---|---|---|
| 1. | SO68/21 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | വികസനഫണ്ട്(SCP), 170,000 | 145,180/- 02/23.04.20 |
| 2 | 69/21 | പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശ കസേര, | വികസനഫണ്ട്(TSP), 200,000 | 170,800/- 03/23.04.20 |
| 3 | 262/21 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | വികസനഫണ്ട്(SCP), 85,000 | 63,750/- 01/13.01.21, |

1) ക്രമ നം 1 പ്രകാരമുള്ള പ്രോജക്ടിൽ 34 ഗുണഭോക്താക്കൾക്ക് 4270/-രൂപ വിലയുള്ള ഓരോ മേശയും കസേരയും വീതം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.
എ) പ്രോജക്ടിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അഭിജിത്ത്.ജെ എന്ന വിദ്യാർത്ഥിക്ക് ഫർണിച്ചർ നൽകിയിട്ടുണ്ട്.

ഇഇ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം 36/03.03.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) പട്ടികജാതി / വികസന വകുപ്പിൽ നിന്നോ, മറ്റ് സ്രോതസുകളിൽ നിന്നോ, ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പദ്ധതിയുടെ ഗുണഭോക്താക്കളായ 14 വിദ്യാർത്ഥികളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

2) ക്രമ നം 2 പ്രകാരമുള്ള പ്രോജക്ടിൽ പ്രകാരം ഈ പ്രോജക്ട് പ്രകാരം 40 ഗുണഭോക്താക്കൾക്ക് 4270/-രൂപ വിലയുള്ള ഓരോ മേശയും കസേരയും വീതം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ആയില്യ.S.S, രഞ്ജു.N, ദേവു.A.S, ശിവാനി.M.S, ആതിര.O.K, ദേവയാനി.S, അശ്വതി.U.S, അഗസ്ത്യൻ, അഖിൽ.R എന്നീ വിദ്യാർത്ഥികൾ (9 പേർ) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ബി) ജഗൻJ.Y, സൗപർണിക K.I, എന്നിവർ ഒഴികെയുള്ള 38 വിദ്യാർത്ഥികൾ വകുപ്പിൽ നിന്നോ, മറ്റ് സ്രോതസുകളിൽ നിന്നോ, ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3)ക്രമ നമ്പർ 3 പ്രകാരമുള്ള പ്രോജക്ടിൽ 17 ഗുണഭോക്താക്കൾക്ക് ഫർണിച്ചർ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ (17 പേർ) വകുപ്പിൽ നിന്നോ, മറ്റ് സ്രോതസുകളിൽ നിന്നോ, ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ബി) അയന അജയൻ, ദിയ.S, അക്ഷയ് ബൈജു, അനന്യ. A.R എന്നിവരുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

ഇഇ സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി(നം 36/03.03.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 പട്ടികവർഗവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- കെൽട്രോണിനു 4190/- രൂപ അധികം നൽകി

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികവർഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് KELTRON ൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ഫണ്ട് /അടങ്കൽ തുക | ചെലവ് ബിൽ നം/തീയതി |
|---|---|---|
| 230/21,പട്ടികവർഗവിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ | വികസന ഫണ്ട് (TSP),490000 | 381206/-, I)42/05.03.21 Ii)48/24.03.21 Iii)51/31.03.21 |

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

Cprcs സംവിധാനത്തിന്റെ പോർട്ടലിലൂടെ മാത്രമേ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് ഇലക്ട്രോണിക്സും വിവരസാങ്കേതികവും വിദ്യ ഐ റ്റി സെൽ വകുപ്പിന്റെ 18.03.19 ലെ ഐ റ്റി സെൽ 01/26/2019/വി സ വ നം സർക്കുലറിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മേൽ പ്രോജക്ടിൽ പ്രസ്തുത സർക്കുലറിലെ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയ ഫയലിൽ ലഭ്യമല്ല. കെൽട്രോൺ സമർപ്പിച്ച ഇൻവോയിസ് അംഗീകരിച്ച് കേരള സംസ്ഥാന ഐറ്റി മിഷന്റെ അക്കൗണ്ടിലേയ്ക്ക് 381206/-ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

| ട്രഷറി ബിൽ നം/ തീയതി | കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് നം /തീയതി | കെൽട്രോണിൽ നിന്നുള്ള അംഗീകരിച്ച ടാക്സ് ഇൻവോയിസ് പ്രകാരമുള്ള തുക | ലാപ് ടോപ്പ് സപ്ലൈ ചെയ്തതിനോടൊപ്പമുള്ള ബിൽ പ്രകാരമുള്ള തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 48/20-21 /24.03.21 | TVM/ITBG/PT/RC /25575/20-21 /23.03.21 | 81687 | 78545.52 | 3142 |
| 51/20-21 /31.03.21 | TVM/ITBG/PT/RC /26224/20-21 /29.03.21 | 27229 | 26181 | 1048 |
| | ആകെ | | | 4190 |

4190/- രൂപ അധികമായി നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി(നം.35/03.03.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ കെൽട്രോണിനു അധികം നൽകിയ 4190/- രൂപ തിരികെ ഈടാക്കി

കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കു വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 2245807<br>220182 (മുൻബാക്കി)<br>2025625 (വരവ്) | ന്യൂലൈഫ് ലക്ഷം വീട് പുനരുദ്ധാരണം | 1160000 | 220182 |
| | | | ലൈഫ് ഭവന നിർമ്മാണം പട്ടിക വർഗ്ഗം | 590000 | |
| | | | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 195625 | |
| | | | ക്ഷീരസമൃദ്ധി | 80000 | |
| | | | ആകെ | 2025625 | |
| ബ്ലോക്ക്* പഞ്ചായത്ത് | 2020-21 | 3857275<br>3220478 (മുൻബാക്കി)<br>636797 (വരവ്) (359297 + 277500) | തരിശ് ഭൂമി കൃഷി | 277500 | 1481978 |
| | | | ലൈഫ് മിഷൻ- ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം- എസ് സി | 600000 | |
| | | | ലൈഫ് ഭവന പദ്ധതി വിഹിതം- ജനറൽ | 480000 | |
| | | | ലൈഫ് ഭവന പദ്ധതി വിഹിതം- റ്റി എസ് പി | 450000 | |
| | | | ലൈഫ് ഭവന നിർമ്മാണം പട്ടികവർഗ്ഗം | 70000 | |
| | | | സ്നേഹസ്പർശം- മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും | 199500 | |
| | | | ക്ഷീരസമൃദ്ധി | 89797 | |
| | | | ആകെ | 2166797 | |

* ബ്ലോക്ക് പഞ്ചായത്തിന്റെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | നീക്കി യിരിപ്പ് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | | | | |
| 1 | SO 286/21 കുടിവെള്ള പൈപ്പ്‌ലൈൻ സ്ഥാപിക്കൽ, പൊന്നാംചുണ്ട് ഇറച്ചിപ്പാറ, എസ്.സി. കോളനി | 300000 | 0 | 300000 |
| 2 | SO 300/12 | 300000 | 0 | 300000 |

| | | | | |
|---|---|---|---|---|
| | ചെറ്റച്ചൽ വാർഡിൽ ചെറ്റച്ചൽ ഹൈസ്കൂളിനു സമീപമുള്ള എസ്.സി. കോളനിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | | | |
| 3 | SO 361/21<br>ചെറ്റച്ചൽ പേഴുംമൂട് കൊന്നമൂട് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 13035 | 0 | 13035 |
| 4 | SO 362/21<br>ഈഞ്ചപ്പുരി കോട്ടിയത്തറ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ | 345000 | 0 | 345000 |
| 5 | SO 365/21<br>ശാസ്താംകാവ് നൂറേക്കർ ലക്ഷംവീട് കോളനിയിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 166000 | 0 | 166000 |
| 6 | SO 366/21<br>ഗണപതിയാംകോട് വാർഡിലെ ശാസ്താംകാവ്-കൈതക്കുഴി-ചായം ഇട്ടറോഡ് മേലേകൊപ്പം മന്നംപള്ളി ഇടറോഡ് ശാസ്താംകാവ് മല്ലൻ തമ്പുരാൻ ക്ഷേത്രനട ഇടറോഡ് ശാസ്താംകാവ്-പന്നിക്കോണം ഇടറോഡ് എന്നിവിടങ്ങളിൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ | 359000 | 0 | 359000 |
| 7 | SO 367/21<br>വട്ടക്കുഴി കളീക്കൽ കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ | 267000 | 0 | 267000 |
| 8 | SO 374/21<br>ചെറ്റച്ചൽ-നവോദയ കാലൻകാവ് റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 855000/- | 0 | 855000/- |
| 9 | SO 375/21<br>കോട്ടിയത്തറ കരിമ്പനടി കുടിവെള്ള പദ്ധതി കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 262000 | 0 | 262000 |
| 10 | SO 377/21<br>ശാന്തിനഗർമൂഴി പൈപ്പ്ലൈൻ നീട്ടൽ | 129000 | 0 | 129000 |
| 11 | SO 380/21<br>മണിളുക്കി വാർഡിൽ മാതളത്തു മിച്ചഭൂമി പേപ്പാറ തടം ഇടത്തറ റോഡ് ലൈൻ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 147300 | 0 | 147300 |
| 12 | SO 381/21<br>മേമല വാർഡിൽ ഓരുവച്ച കരിക്കകം റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 223000 | 0 | 223000 |
| 13 | SO 382/21<br>പറങ്കിമാംതോട്ടം റോഡിൽ കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 388000 | 0 | 388000 |
| 14 | SO 383/21<br>ചേന്നൻപാറ വാർഡിൽ കാവുമൂല വടക്കേവിള വരെയും ചാരുപാറ കിഴക്കികരൻ വരെയും കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 300000 | 0 | 300000 |
| 15 | SO 384/21<br>തേവിയോട് വാർഡിലെ കണ്ടയം മാതളം റോഡിലെ പൈപ്പ്ലൈൻ സ്ഥാപിക്കൽ | 109000 | 0 | 109000 |
| 16 | SO 387/21<br>മരുതാമല അവാർഡ് ഗ്രാമം കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 267000 | 0 | 267000 |
| 17 | SO 389/21<br>മരുതാമല വാർഡിലെ അടിപറമ്പ് കുപ്പറോഡ് മുതൽ വട്ടക്കുഴി മക്കി ജംഗ്ഷൻ വരെ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 171800 | 0 | 171800 |
| 18 | SO 036/21<br>മുളയ്ക്കാട്ടുകര എസ്.സി. കോളനിയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ | 200000 | 0 | 200000 |

| | | | | |
|---|---|---|---|---|
| 19 | SO 151/21<br>മണിളുക്കി വാർഡിലെ മാതളത്ത് മിച്ചഭൂമിയിലേക്കും ഇടത്തറ റോഡിൽ നിന്നും പുത്തൻപുറമ്പോക്കിലേക്കും കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ | 143600 | 0 | 143600 |
| | ആകെ | 4945735 | | 4945735 |
| കെ.എസ്.ഇ.ബി | | | | |
| | SO308/21-സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 178011 | 0 | 178011 |
| | ആകെ | 178011 | | 178011 |

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 435725 | 178011* | 613736 | 0 | 613736 | 435725 |
| വാട്ടർ അതോറിറ്റി | 544000 | 4945735 | 5489735 | 0 | 5489735 | 5489735 |

*പ്രസ്തുത മുൻകൂർ 2020-21 ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | വിവരം ലഭ്യമാക്കിയില്ല | 70000000 | 45863588 | 5309922 | | 42773666 |
| | | 3160000 | 3160000 | - | | |

എ. എഫ്. എസ് പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2019-20 വർഷം 94000/-സംസ്ഥാന വിഹിതം ലൈഫ് ലോൺ വരവ് തെറ്റായി രേഖപ്പെടുത്തിയത് 2020-21 ൽ ലൈഫ് ലോൺ ബാധ്യതയിൽ കുറവ് വരുത്തിയതിനാലാണ് ബാലൻസ് ഷീറ്റിൽ 42773666/- രൂപ ബാക്കി നിൽക്കുന്നതെന്ന് മറുപടി ലഭ്യമാക്കി. (ഖ.1-2 ൽ അപാകതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.)

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീ. |
|---|---|---|---|---|
| 2015-16 | 3-1 | 11,024 | നിഷ പിള്ള, എ.ഇ, എൽ.എസ്.ജി.ഡി | 120010101199, 12010101200 തീ.04/08/20 |
| | 3-2 | 15,684 | | 120010101201, 120010101202 തീ.04/08/20 |
| | 3-4 | 38,754 | | 120010101203 തീ.04/08/20 |
| 2015-16 | 3-1 മുതൽ 3-4 | 29,445 | ലഭ്യമല്ല | 120010102029 തീ.06/11/20 |
| 2018-19 | 1-20 | 18,492 | ലഭ്യമല്ല | 120010100974 തീ.03/03/21 |
| ആകെ | | 1,13,399 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3.7.2 | 2009-10 | 3.7.2 | വനിതാ സ്വയംസഹ്യ സംഘങ്ങൾക്ക് ആനുകൂല്യം നൽകുന്നതിന് 1175000/- രൂപ ചെലവഴിച്ച | നിയമസഭാ സമിതിയ്ക്ക് മുന്നിൽ |

## 4-8 ചാർജ/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 30247494.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 121060622.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 127061312.00 |
| നീക്കിയിരിപ്പ് | 24246804.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 159766.85 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6303900.00 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗ പേരും | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|---|
| 1-15 | 159766.85 | സുജിത മാത്യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുജി മാത്യു, ഹാജിയ ഡേൽ, മണികണ്ഠേശ്വരം പി.ഒ, തിരുവനന്തപുരം |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗ പേരും |
|---|---|---|
| 1-17 | 847440 | ഹരികുമാർ,<br>വി.ഇ.ഒ, വിതുര സർക്കിൾ |
| 1-18 | 298000 | ജോസഫ് ബിജ്ജു, സെക്രട്ടറി<br>വിതുര ഗ്രാമ പഞ്ചായത്ത് |
| 1-19 | 5108460 | അനുസചേതൻ .വി.എസ്, സെക്രട്ടറി(239714)<br>ജോസഫ് ബിജ്ജു, സെക്രട്ടറി(4868746) |
| 1-21 | 50000 | രാജു മോഹൻ .ജി, അസി.സെക്രട്ടറി. വിതുര ഗ്രാമ പഞ്ചായത്ത് |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗ പേരും | ഇപ്പോഴത്തെ/ ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുജിത മാത്യു, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഹാജിയ ഡേൽ, മണികണ്ഠേശ്വരം പി.ഒ, തിരുവനന്തപുരം |
| ഹരികുമാർ, വി.ഇ.ഒ | വി.ഇ.ഒ, വിതുര സർക്കിൾ | കൃഷ്ണവില, കുറുപ്പുഴ, ഇലവട്ടം പി.ഒ,<br>നെടുമങ്ങാട് |
| ജോസഫ് ബിജ്ജു, സെക്രട്ടറി | സെക്രട്ടറി<br>ഉഴമലക്കൽ ഗ്രാമ പഞ്ചായത്ത് | പാവറ വീട്,കാക്കവിള.<br>പി.ഒ<br>ഉച്ചക്കട, |

| | | |
|---|---|---|
| | | തിരുവനന്തപുരം. 695506 |
| അനസചേതൻ .വി.എസ്, സെക്രട്ടറി | സെക്രട്ടറി വിളവൂർ ഗ്രാമ പഞ്ചായത്ത് | ടി.സി.5/1903(1), F18, PNRA, അമ്പലമുക്ക്, കവടിയാർ പി.ഒ., തിരുവനന്തപുരം. |
| രാജു മോഹൻ .ജി,അസി.സെക്രട്ടറി. | അസി.സെക്രട്ടറി. വിളവൂർ ഗ്രാമ പഞ്ചായത്ത് | ബോധി. OJRA 33 B Near St Marys School. മുടവൻമുഗൾ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 2 |
| 2003-04 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 5 |
| 2004-05 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 1 |
| 2005-06 | കെ.എസ്.എ/ടി.വി.എം/ ജി.പി5/944/2018 | 1 |
| 2008-09 | കെ.എസ്.എ/ടി.വി.എം.ജി.പി5/944/2018 | 11 |
| 2009-10 | കെ.എസ്.എ/ടി.വി.എംജി.പി5/944/2018 | 9 |
| 2010-11 | കെ.എസ്.എ/ടി.വി.എംജി.പി5/944/2018 | 11 |
| 2011-12 | കെ.എസ്.എ/ടി.വി.എംജി.പി5/944/2018 | 8 |
| 2012-13 | കെ.എസ്.എ/ടി.വി.എംജി.പി5/944/2018 | 3 |
| 2013-14 | കെ.എസ്.എ/ടി.വി.എംജി.പി5/944/2018 | 7 |
| 2014-15 | കെ.എസ്.എ/ടി.വി.എംജി.പി5/944/2018 | 20 |
| 2015-16 | കെ.എസ്.എ/ടി.വി.എം/ജി.പി/944/2018 | 22 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1968/2019 | 16 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/300/2020 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/463/2020 | 20 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/713/2021 | 82 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തിരുവനന്തപുരം ജില്ലയിലെ വിതുര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്